# ഡയറ്റ് ആലപ്പുഴ



# നിറകതിർ2019

## SSLC പരീക്ഷാ റിവിഷൻ സഹായി

## സാമൂഹ്യശാസ്ത്രം 1

# ആമുഖം

കേരളത്തിലെ പത്താംക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾ ഒരു പൊതുപരീക്ഷയെ അഭിമുഖീകരിക്കാൻ പോകുന്നു. അറിവിന്റെ നിർമ്മാതാവായി കുട്ടിയെ മാറ്റാൻ കഴിയുന്ന വിധത്തിൽ പാഠപുസ്തകാശയങ്ങളെ അവതരിപ്പിക്കാൻ വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. പൊതു വിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കിവരുന്ന ഗുണപരമയ പദ്ധതികൾ ഇതിനുവേണ്ട സഹായങ്ങൾ നൽകുന്നുമുണ്ട്. സമഗ്ര ഉപയോഗപ്പെടുത്തിയത് പഠനപ്രക്രിയയെ എളുപ്പത്തിലാക്കുവാൻ സഹായിച്ചു. 2017 എസ്.എസ്.ൽ.സി പരീക്ഷയിൽ സാമൂഹ്യശാസ്ത്ര വിഷയത്തിൽ ആലപ്പുഴ ജില്ലയ്ക്ക് ശ്രദ്ധേയമായ വിജയം നേടാൻ കഴിഞ്ഞു. ആലപ്പുഴ ഡയറ്റ് തയ്യാറാക്കിയ പഠനവിഭവം ഈ അഭിമാനവിജയത്തിന് സഹായിച്ചിട്ടുണ്ട്. എന്നാൽ കഴിഞ്ഞ വർഷം എസ്.എസ്.എൽ.സി പരീക്ഷയിൽ ഈ വിജയം തുടരാനോ മെച്ചപ്പെടാനോ കഴിഞ്ഞില്ല. ഈ തിരിച്ചറിവിലാണ് "നിറകതിർ 2019" ഒരുക്കാൻ ഡയറ്റ് മുന്നോട്ടുവന്നത്.

വിഷയങ്ങളുടെ വൈവിദ്ധ്യം, ആശയങ്ങളുടെ ബാഹുല്യം, ചോദ്യങ്ങൾ കൃത്യമായി മനസ്സിലാക്കുന്നതിൽ കുട്ടികൾക്ക് കഴിയാത്തത്, ഉത്തരസൂചികയ്ക്ക് അനുസരിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാൻ പൂർണ്ണമായി കഴിയാത്തത് എന്നിങ്ങനെ നിരവധി പ്രശ്നങ്ങൾ സാമൂഹ്യശാസ്ത്ര പരീക്ഷയിൽ കുട്ടികൾ അഭിമുഖീകരിക്കുന്നുണ്ട്. അവയെ പരിഹരിക്കാനുള്ള ആത്മാർത്ഥമായ ശ്രമങ്ങൾ നിങ്ങൾ നടത്തിയിട്ടുണ്ടെന്ന് അറിയാം.

ഒരു കുട്ടിയും ജില്ലയിൽ പരാജയപ്പെടാതിരിക്കുക, ഒരു ഗ്രേഡ് എങ്കിലും കുട്ടികൾക്ക് ഉയർന്നു ലഭിക്കാൻ സഹായിക്കുക എന്നീ ലക്ഷ്യങ്ങളോടയാണ്. "നിറകതിർ 2019" തയ്യറാക്കാൻ ശ്രമിച്ചത്. പാഠപുസ്തകങ്ങളിൽ നമുക്ക് ഇപ്പോഴും പൂർണ്ണമായി വിനിമയം ചെയ്യാൻ കഴിയാത്ത മേഖലകൾ കണ്ടെത്തി വിശദീകരിക്കാനും ഇതിൽ ശ്രമിച്ചിട്ടുണ്ട്. ഒപ്പം ആത്മവിശ്വാസത്തോടെ പരീക്ഷയെ സമീപിക്കാൻ കുട്ടിയെ പ്രാപ്തനാക്കാൻ വേണ്ട വിഭവങ്ങൾ ഉൾപ്പെടുത്താനും കഴിഞ്ഞിട്ടുണ്ട് എന്നാണ് വിശ്വാസം.

"നൂറ് മേനിക്കൊപ്പം അഭിമാനം പകരുന്ന വിജയം"

ഇതാവണം ഒരുമാസം നീണ്ടുനിൽക്കുന്ന റിവിഷൻ പ്രവർത്തനങ്ങളുടെ ലക്ഷ്യം, നിറകതിർ എന്ന പഠന വിഭവം ഉപയോഗപ്പെടുത്തി റിവിഷൻ പ്രവർത്തനം പൂർത്തിയാക്കിയാൽ വിജയം നമുക്കൊപ്പം വന്നുചേരും എന്ന് വിശ്വസിക്കുന്നു.

വിജയാശംസകളോടെ

**Dr. Angelin Mabel . D.D**
**Principal, DIET, Alappuzha**

ഡയറ്റ് ആലപ്പുഴ
നിറകതിർ2019 SSLC പരീക്ഷാ റിവിഷൻ സഹായി

## അദ്ധ്യായം-1
## ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ

1. യൂറോപ്പിലെ ജ്ഞാനോദയ ചിന്തകർ പ്രചരിപ്പിച്ച പ്രധാന ആശയങ്ങൾ ഏവ?
സ്കോർ 4

2. വടക്കേ അമേരിക്കയിലേക്കുള്ള യൂറോപ്യൻ കുടിയേറ്റക്കാരുടെ പ്രധാനലക്ഷ്യം എന്തായിരുന്നു? സ്കോർ 1

3. മെർക്കന്റിലിസത്തിന്റെ ഭാഗമായി ഇംഗ്ലീഷുകാർ നടപ്പിലാക്കിയ നിയമങ്ങൾ ഏവ?
സ്കോർ 4

4. അമേരിക്കൻ കോളനിക്കാർക്ക് പ്രചോദനം നൽകിയ രണ്ട് ചിന്തകന്മാർ ആരെല്ലാം?
സ്കോർ 2

5. അമേരിക്കൻ സ്വാതന്ത്ര്യസമരം ലോകചരിത്രത്തെ സ്വാധീനിച്ചതെങ്ങനെ?
സ്കോർ 4

6. ടൈം ലൈൻ നിർമ്മിക്കുക
   1. 1-ാം കോണ്ടിനെന്റൽ കോൺഗ്രസ് 2. 2-ാം ഫിലാഡൽഫിയ സമ്മേളനം
   3. പാരിസ് ഉടമ്പടി 4. ഇംഗ്ലണ്ട്-അമേരിക്കൻ കോളനിയുദ്ധം അവസാനിച്ചു.

സ്കോർ 4

7. ഫ്രഞ്ച് വിപ്ലവകാലത്തെ പാരീസിലെ സാമൂഹ്യസ്ഥിതിയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക. സ്കോർ 4

8. ഫ്രഞ്ചുവിപ്ലവത്തിന് പ്രചോദനം നൽകിയ ചിന്തകരും അവരുടെ ആശയങ്ങളും ഏതെല്ലാം? സ്കോർ 6

9. ഫ്രാൻസിലെ ദേശീയ അസംബ്ലി പ്രഖ്യാപനത്തിലേക്ക് 3-ാം എസ്റ്റേറ്റിനെ നയിച്ച സാഹചര്യങ്ങൾ ഏവ? (ഏതെങ്കിലും നാലെണ്ണം എഴുതുക) സ്കോർ 4

10. ടെന്നീസ് കോർട്ട് പ്രതിജ്ഞ എന്താണ്? സ്കോർ 1

11. ഫ്രഞ്ചുവിപ്ലവത്തിന്റെ ഫലങ്ങൾ ഏവ?(ഏതെങ്കിലും നാലെണ്ണം എഴുതുക)
സ്കോർ 4

12. നെപ്പോളിയന്റെ ഭരണപരിഷ്കാരങ്ങൾ പട്ടികപ്പെടുത്തുക. (ഏതെങ്കിലും നാലെണ്ണം)
സ്കോർ 4

13. ലാറ്റിൻ അമേരിക്കയിലെ കോളനിവൽക്കരണത്തിന്റെ ഫലങ്ങൾ ഏതെല്ലാം? (ഗുണങ്ങൾ/ദോഷങ്ങൾ) സ്കോർ 4

14. ലാറ്റിനമേരിക്കൻ വിമോചനത്തിന് നേതൃത്വം നൽകിയവർ ആരെല്ലാം? സ്കോർ 3

15. റഷ്യൻ വിപ്ലവത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ ഏവ? സ്കോർ 6

16. ഫെബ്രുവരി വിപ്ലവത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ ഏവ? സ്കോർ 6

17. അലക്സാണ്ടർ കെറൻസ്കിയുടെ താൽക്കാലിക ഗവൺമെന്റിന്റെ രൂപീകരണത്തിന് ശേഷം ബോൾഷെവിക്കുകൾ ഉന്നയിച്ച ആവശ്യങ്ങൾ ഏവ? സ്കോർ 4

18. ലെനിൻ അധ്യക്ഷനായ കാബിനറ്റ് കൈക്കൊണ്ട വിപ്ലവകരമായ നടപടികൾ ഏവ? സ്കോർ 6

19. ബോക്സർ കലാപത്തിന്റെ സവിശേഷത എന്തായിരുന്നു? സ്കോർ 2

20. മാവോസെ തുങ്ങിന്റെ നേതൃത്തിൽ ചൈന ജനകീയ റിപ്പബ്ലിക്കായതെങ്ങനെ? സ്കോർ 6

21. നെപ്പോളിയൻ ഫ്രാൻസിൽ നടപ്പിലാക്കിയ പരിഷ്ക്കാരങ്ങളിൽ ഫ്രഞ്ചു വിപ്ലവാശയങ്ങൾ എത്രത്തോളം പ്രതിഫലിച്ചിട്ടുണ്ട്? പരിശോധിക്കുക. സ്കോർ 4

22. യൂറോപ്യൻ രാജ്യങ്ങൾ നെപ്പോളിയനെ എതിർത്തത് എന്തുകൊണ്ട്? സ്കോർ 4

## ഉത്തരസൂചിക

1. സ്വാതന്ത്ര്യം , ജനാധിപത്യം, സമത്വം, ദേശീയത
2. വിഭവങ്ങൾ കൈയ്യടക്കുക
3. കോളനികളിൽ നിന്നോ കോളനികളിലേക്കോ സാധങ്ങൾ കൊണ്ടുപോകുന്നത് ഇംഗ്ലീഷ് കപ്പലുകളിലോ കോളനികൾ നിർമ്മിച്ച കപ്പലുകളിലോ മാത്രം ആകണം.

കോളനികളിൽ ഉൽപ്പാദിപ്പിക്കുന്ന പഞ്ചസാര, പരുത്തി, കമ്പിളി, പുകയില തുടങ്ങിയവ ഇംഗ്ലണ്ടിലേക്ക് മാത്രമേ കയറ്റി അയയ്ക്കാവൂ.

കേരളത്തിലെ നിയമപരമായ പ്രമാണങ്ങൾ, വർത്തമാനപത്രത്തിന്റെ ലഘുലേഘകൾ, ലൈസൻസുകൾ തുടങ്ങിയവയിലെല്ലാം ഇംഗ്ലണ്ടിന്റെ മുദ്ര പതിപ്പിക്കണം.

കോളനികളിൽ നിലനിർത്തിയിട്ടുള്ള ഇംഗ്ലണ്ടുകാരുടെ സൈന്യത്തിനുള്ള താമസസ്ഥലവും അത്യാവശ്യ സൗകര്യങ്ങളും കോളനിക്കാർ നൽകണം.

കോളനികളിലേക്ക് ഇറക്കുമതി ചെയ്യുന്ന തേയില, ഗ്ലാസ്, കടലാസ് എന്നിവയ്ക്ക് ഇറക്കുമതി ചുങ്കം നൽകണം.

4 ജോൺ ലോക്ക് തോമസ് പെയിൻ

5. പിൽക്കാലസ്വാതന്ത്ര്യ സമരങ്ങൾക്കും വിപ്ലവങ്ങൾക്കും പ്രചോദനവും ലക്ഷ്യബോധവും നൽകി.

റിപ്പബ്ലിക്കൻ ഭരണരീതി എന്ന ആശയം മുന്നോട്ടുവെച്ചു.

ആദ്യത്തെ എഴുതപ്പെട്ട ഭരണഘടന തയ്യാറാക്കി

ഫെഡറൽ രാഷ്ട്രം എന്ന ആശയം നൽകി.

6. 1783, 1781, 1775, 1774

7. ഏകാധിപത്യഭരണം, ധൂർത്തന്മാരായ ഭരണാധികാരികൾ
ഭൂരിഭാഗം ജനങ്ങളും ദുരിതത്തിലും, ദാരിദ്ര്യത്തിലും, പട്ടിയിണിയിലും
സാമൂഹ്യ സാമ്പത്തിക അസമത്വങ്ങൾ
ഫ്രഞ്ചുസമൂഹം മൂന്നു തട്ടുകളായി വിഭജിക്കപ്പെട്ടിരുന്നു.
1-ാം എസ്റ്റേറ്റ്, 2-ാം എസ്റ്റേറ്റ്, 3-ാം എസ്റ്റേറ്റ്

8. വോൾട്ടയർ -പുരോഹിതന്മാരുടെ ചൂഷണത്തെ പരിഹസിച്ചു. വ്യക്തിചിന്ത, സമത്വം, മനുഷ്യസ്നേഹം എന്നിവ പ്രോത്സാഹിപ്പിച്ചു.
മോണ്ടസ്ക്യൂ -ജനാധിപത്യത്തിനേയും, റിപ്പബ്ലിക്കിനേയും പ്രോത്സാഹിപ്പിച്ചു.
റൂസ്സോ -ജനങ്ങളാണ് പരമാധികാരി എന്ന് പ്രഖ്യാപിച്ചു.
ഫിസിയോക്രാഫ്റ്റുകൾ -മധ്യവർഗ്ഗത്തിന്റെ താൽപ്പര്യങ്ങളെ പ്രോത്സാഹിപ്പിച്ചു.
ഫിലോസഫുകൾ -യുക്തിചിന്തയ്ക്ക് പ്രാധാന്യം നൽകി

9. ഗുരുതരമായ ഫ്രാൻസിന്റെ സാമ്പത്തിക പ്രതിസന്ധി (ആഡംബര ജീവിതം, ധൂർത്ത്, യുദ്ധം, കൃഷിനാശം)
അമേരിക്കൻ സ്വാതന്ത്ര്യസമരത്തിനു ഫ്രഞ്ച് ഭരണാധിപന്മാർ നൽകിയ സഹായങ്ങൾ പ്രതിസന്ധിരൂക്ഷമാക്കി.
ഓരോ എസ്റ്റേറ്റിനും ഓരോ വോട്ട് മതിയെന്നും, ഓരോ അംഗത്തിനും ഓരോ വോട്ട് വേണ്ടായെന്നും ആദ്യത്തെ 2 എസ്റ്റേറ്റുകൾ വാദിച്ചു.
എന്നാൽ 3 എസ്റ്റേറ്റുകളിലേയും ഓരോ അംഗത്തിനും ഓരോ വോട്ട് വേണമെന്ന് കോമൺസ് എന്നറിയപ്പെട്ട 3-ാം എസ്റ്റേറ്റ് ആവശ്യപ്പെട്ടു.
പുതിയ നികുതി ചുമത്താൻ ചക്രവർത്തി ലൂയി പതിനാറാമൻ സ്റ്റേറ്റ് ജനറൽ വിളിച്ചു.

10. ഫ്രാൻസിനുവേണ്ടി ഒരു ഭരണഘടന ഉണ്ടാക്കിയിട്ട് മാത്രമേ പിരിയുകയുള്ളൂ എന്ന പ്രതിജ്ഞ.

11. ലോകത്തുണ്ടായ എല്ലാ വിപ്ലവങ്ങൾക്കും ആവേശം പകർന്നു.
സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന ആശയം ഉയർത്തിപ്പിടിച്ചു.

12. കർഷകരെ കൃഷിഭൂമിയുടെ ഉടമകളാക്കി.
പുരോഹിതന്മാരുടെ മേൽ രാജ്യത്തിന്റെ നിയന്ത്രണം ഏർപ്പെടുത്തി.

13. സ്പെയിൻകാരും, പോർട്ടുഗീസുകാരും തങ്ങളുടെ ഭാഷയും, മതവും, ആചാരവും ലാറ്റിനമേരിക്കയിൽ പ്രചരിപ്പിച്ചു.
സ്പാനിഷ് ശൈലിയിൽ വീടുകളും ദേവാലയങ്ങളും നിർമ്മിച്ചു.
സ്പാനിഷ് വിദ്യാലയങ്ങൾ സ്ഥാപിച്ചു.
കൃഷിരീതികൾ പ്രചരിപ്പിച്ചു

വംശീയവിവേചനം വെച്ചുപുലർത്തി.
തോട്ടങ്ങളിലും മറ്റും കോളനിക്കാരെ അടിമകളാക്കി പണിയെടുപ്പിച്ചു.

14. ഫ്രാൻസിസ്കോ മിരാൻഡ സൈമൺ ബൊളിവർ ജോസെ ഡി സാൻമാർട്ടിൻ

15. സാർചക്രവർത്തിമാരുടെ ഏകാധിപത്യത്തിനുകീഴിലുള്ള കർഷകരുടേയും തൊഴിലാളികളുടേയും ദുരിതപൂർണ്ണമായ ജീവിതം
റഷ്യൻ കാർഷിക മേഖലയുടെ കുറഞ്ഞ ഉത്പാദനം.
തുച്ഛമായ വ്യവസായികോൽപ്പാദനം, വിദേശനിയന്ത്രണമുള്ള വ്യവസായം
സാഹിത്യകാരന്മാർ, ചിന്തകർ എന്നിവരുടെ പ്രചോദനം
ഉദാ: മാക്സിം ഗോർക്കി, ലിയോ ടോൾസ്റ്റോയി, കാൾമാർക്സ്, ഫ്രെഡറിക് ഏംഗൽസ്

16. ബോൾഷെവിക്, മെൻഷെവിക് വിഭാഗം രക്തരൂക്ഷിത ഞായറാഴ്ച
ഡ്യൂമ എന്ന നിയമനിർമ്മാണ സഭ രൂപീകരിക്കാൻ നിർബ്ബന്ധിക്കപ്പെട്ടു.
1914-ലെ ലോകയുദ്ധത്തിൽ റഷ്യയുടെ പങ്കാളിത്തം പെട്രോഗ്രാഡ് പ്രകടനം
അലക്സാണ്ടർ കെറൻസ്കിയുടെ താൽക്കാലിക ഗവൺമെന്റ്

17. ഒന്നാംലോക മഹായുദ്ധത്തിൽ നിന്നും റഷ്യ പിന്മാറുക
പ്രഭുക്കന്മാരുടെ കൈവശമുള്ള ഭൂമി പിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്യുക.
ഫാക്ടറികൾ ജനങ്ങളുടെ പൊതു സ്വത്താക്കിമാറ്റുക.

18. ഒന്നാംലോക മഹായുദ്ധത്തിൽ നിന്നും റഷ്യ പിന്മാറി.
കേന്ദ്രീകൃത ആസൂത്രണം നടപ്പിലാക്കി.
പ്രഭുക്കന്മാരുടെ കൈവശമിരുന്ന ഭൂമി പിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്തു.
ഫാക്ടറികൾ, ബാങ്കുകൾ, ഗതാഗത സൗകര്യങ്ങൾ, വിദേശ വ്യാപാരം എന്നിവ പൊതു ഉടമസ്ഥതയിലാക്കി.

19. 1900-ൽ ചൈനയിൽ പ്രവർത്തിച്ചിരുന്ന രഹസ്യസംഘടനകൾ വിദേശ ഇടപെടലിനും മഞ്ചു രാജവംശത്തിന്റെ നിലപാടുകൾക്കും എതിരേ നടത്തിയ കലാപം.
ബോക്സറന്മാരുടെ മുഷ്ടിയായിരുന്നു അവരുടെ മുദ്ര.

20 ചൈനയിലെ മഞ്ചു രാജവംശം, വിദേശ ഇടപെടൽ ആധിപത്യം, ബോക്സർ കലാപം
1911-ലെ സൺ യാത് സങ്ങിന്റെ വിപ്ലവം
സൺ യാത് സങ്ങിന്റെസൺ ആശയങ്ങൾ ദേശീയത, ജനാധിപത്യം, സോഷ്യലിസം
കുമിന്താങുകളും കമ്യൂണിസ്റ്റുകളും ചിയാങ് കൈഷക്കും കുമിന്താങുകളും
ചിയാങ് കൈഷക്കിന്റെ നയങ്ങളോടുള്ള കമ്യൂണിസ്റ്റുകളുടെ എതിർപ്പ്.
മാവോസെ തുങ്ങിന്റെ ലോങ് മാർച്ച് - ചുവപ്പ് സേന
ചിയാങ് കൈഷക്ക് തായ്‌വാനിൽ രാഷ്ട്രീയ അഭയം തേടി.
1949 ഒക്ടോബർ 1-ന് ചൈന ജനകീയ റിപ്പബ്ലിക്കായി.

## അദ്ധ്യായം-2

## ലോകം 20-ാം നൂറ്റാണ്ടിൽ

1. വ്യവസായ വിപ്ലവത്തിന് ശേഷം യൂറോപ്പിലുണ്ടായ മുതലാളിത്ത സമ്പദ് വ്യവസ്ഥയുടെ പ്രത്യേകതകൾ ഏവ?

സ്കോർ 3

2. മുതലാളിത്തരാജ്യങ്ങളെ കോളനികളിൽ മൂലധന നിക്ഷേപം നടത്താൻ പ്രേരിപ്പിച്ച ഘടകങ്ങൾ ഏതെല്ലാം?

സ്കോർ 3

3. ഏതെല്ലാം ഘടകങ്ങൾ ഉപയോഗപ്പെടുത്തിയാണ് കോളനികളിൽ സാമ്രാജ്യത്വശക്തികൾ ചൂഷണ നയങ്ങൾ നടപ്പിലാക്കിയത്?

സ്കോർ 3

4. സാമ്രാജ്യത്വം കോളനിരാജ്യങ്ങളെ എങ്ങനെയെല്ലാമാണ് സ്വാധീനിച്ചത്? (ഏതെങ്കിലും നാലെണ്ണം)

സ്കോർ 3

5. ഫ്ളോ ചാർട്ട് പൂർത്തിയാക്കുക സ്കോർ 3

ത്രികക്ഷിസഖ്യം
↓
ജർമ്മനി, ............2..................... ഇറ്റലി.

.......1.....................................
↓
...........3.............. , ഫ്രാൻസ്, റഷ്യ

6. തീവ്രദേശീയതയുടെ പ്രത്യേകത എന്തായിരുന്നു? സ്കോർ 2
7. തീവ്രദേശീയതയിലധിഷ്ഠിതമായി രൂപീകരിക്കപ്പെട്ട മൂന്ന് പ്രസ്താവനകൾ ഏവ?

സ്കോർ 3

8. 1-ാം ലോകയുദ്ധത്തിന്റെ പെട്ടെന്നുണ്ടായ കാരണം എന്തായിരുന്നു?

സ്കോർ 3

9. 1-ാം ലോകയുദ്ധത്തിന്റെ ഫലങ്ങൾ ഏവ? (ഏതെങ്കിലും 4 എണ്ണം എഴുതുക)

സ്കോർ 4

10. 1-ാം ലോകയുദ്ധത്തെ തുടർന്നുണ്ടായ പ്രധാന സന്ധിയേത്? സ്കോർ 2
11. 1-ാം ലോകയുദ്ധത്തോടെ അധികാരം നഷ്ടപ്പെട്ട മൂന്ന് രാജവംശങ്ങൾ ഏവ?

സ്കോർ 3

12. 1929–ൽ ലോകത്തെയാകെ ബാധിച്ച സാമ്പത്തിക മാന്ദ്യത്തിന്റെ ഫലങ്ങൾ ഏവ?
(ഏതെങ്കിലും നാലെണ്ണം എഴുതുക) സ്കോർ 4

2. ഫാഷിസത്തിന്റേയും നാസിസത്തിന്റേയും വളർച്ചയ്ക്ക് അനുകൂല സാഹചര്യമൊരുക്കിയ ഘടകങ്ങൾ ഏവ? (ഏതെങ്കിലും രണ്ടെണ്ണം എഴുതുക) സ്കോർ 2

14. ഫാഷിസത്തിന്റെ സവിശേഷതകൾ ഏവ? (ഏതെങ്കിലും നാലെണ്ണം എഴുതുക)
സ്കോർ 2

15. ഫാഷിസ്റ്റ് പാർട്ടി ഇറ്റലിയിൽ അധികാരത്തിലെത്താനിടയാക്കിയ സാഹചര്യം എന്തായിരുന്നു? സ്കോർ 3

16. ജർമനിയിൽ ഹിറ്റ്ലറെ അധികാരിത്തിലേറാൻ സഹായിച്ച ഘടകങ്ങൾ ഏവ?
സ്കോർ 3

*17. താഴെപ്പറയുന്ന പട്ടിക പൂർത്തിയാക്കുക*

*കരിങ്കുപ്പായക്കാർ.* —— *...........1......................*

*...........2..................* —— *നാസിസം* *സ്കോർ 2*

*18. താഴെപ്പറയുന്ന പട്ടിക പൂർത്തിയാക്കുക*

*അച്ചുതണ്ട് ശക്തികൾ.*
- *............*
- *ഇറ്റലി*
- *...............*

*...........1.............*
- *ഇംഗ്ലണ്ട്*
- *............*
- *ചൈന*

*സ്കോർ 4*

19. 2–ാം ലോകയുദ്ധത്തിന്റെ ഫലങ്ങൾ ഏവ?(ഏതെങ്കിലും നാലെണ്ണം എഴുതുക)
സ്കോർ 4

20. ഐക്യരാഷ്ട്രസഭയുടെ ലക്ഷ്യങ്ങൾ പട്ടികപ്പെടുത്തുക.
സ്കോർ 3

21. ആശയപരമായ ഭിന്നതയാണ് ശീതസമരത്തിന്റെ അടിസ്ഥാനം. വിശദമാക്കുക?

സ്കോർ 4

*22. പട്ടിക പൂർത്തിയാക്കുക*

*ചേരിചേരാനയം*

- *ചേരിചേരാപ്രസ്ഥാനം രൂപംകൊണ്ടു* — *1955* — *സ്ഥലം ............*
- *ചേരിചേരാരാജ്യങ്ങളുടെ ആദ്യസമ്മേളനം* — *1961* — *സ്ഥലം ............*

*സ്കോർ 2*

23. ചേരിചേരാനയത്തിന് നേതൃത്വം നൽകിയവരെ ഉൾപ്പെടുത്തി പട്ടിക പൂർത്തിയാക്കുക

| | |
|---|---|
| ഇന്ത്യ | ............ |
| ഈജിപ്ത് | ............ |
| യൂഗോസ്ലാവിയ | ............ |
| ഇന്തോനേഷ്യ | ............ |

സ്കോർ 4

24. സിയോണിസ്റ്റ് പ്രസ്ഥാനത്തിന്റെ ലക്ഷ്യമെന്തായിരുന്നു? സ്കോർ 1

25. പട്ടിക പൂർത്തിയാക്കുക

| | |
|---|---|
| പി.എൽ.ഒ.സ്ഥാപകൻ | ............ |
| ഓസ്‌ലോ കരാർ | ............ |
| 1948 | ............ |
| ആർതർ ബാൽഫർ | ............ |

സ്കോർ 4

26. സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്ക് ഇടയാക്കിയ കാരണങ്ങളേവ? (ഏതെങ്കിലും

മൂന്നെണ്ണം എഴുതുക)
സ്കോർ 3
27. 1-ാം ലേകയുദ്ധത്തിന്റെ കെടുതികൾ അനുഭവിക്കാത്ത രാജ്യമായിരുന്നു അമേരിക്ക. പ്രസ്താവന സമർത്ഥിക്കുക.
സ്കോർ 3
28. ചേരിചേരാ പ്രസ്ഥാനത്തെപ്പറ്റി ഒരു ലഘുകുറിപ്പ് തയ്യാറാക്കുക സ്കോർ 3
29. സോവിയറ്റ് യൂണിയന്റെ തകർച്ച അന്തർദേശീയ തലത്തിൽ ഉണ്ടാക്കിയ മാറ്റങ്ങൾ എന്തെല്ലാം?
30. ആഗോളവൽക്കരണത്തിന് അനുസൃതമായ നയങ്ങൾ രൂപീകരിക്കുന്ന അന്താരാഷ്ട്ര സ്ഥാപനങ്ങളുടെ പേരെഴുതുക?

## ഉത്തരസൂചിക

1. ഫാക്ടറികളിൽ മുതലാളിമാരുടെ മൂലധന നിക്ഷേപം
ലാഭത്തിലും ഉൽപ്പാദനത്തിലും വർദ്ധനവ്
ലാഭം ലക്ഷ്യമാക്കി ഉൽപ്പാദനവും വിതരണവും സ്വകാര്യ വ്യക്തികളിൽ നിയന്ത്രിക്കപ്പെടുന്നു.
2. തൊഴിലാളികളുടെ കുറഞ്ഞ കൂലി
അസംസ്കൃത വസ്തുക്കളുടെ ലഭ്യത
കോളനികളിൽ ഉൽപ്പാദിപ്പിച്ച് കോളനികളിൽ തന്നെ വിതരണം ചെയ്യുമ്പോഴുള്ള കുറഞ്ഞ ചെലവ്.
3. നിയമവ്യവസ്ഥ, ഭരണസംവിധാനം, സൈനികശക്തി
4. കോളനികളുടെ പരമ്പരാഗത സമ്പദ് വ്യവസ്ഥ തകർന്നു.
ഭരണരീതിയും നിയമവ്യവസ്ഥയും മാറ്റിമറിക്കപ്പെട്ടു.
ദാരിദ്ര്യവും തൊഴിലില്ലായ്മയും വർദ്ധിച്ചു.
പ്രകൃതിവിഭവങ്ങൾ വ്യാപകമായി കൊള്ളയടിക്കപ്പെട്ടു.തദ്ദേശീയമായ കല, സാഹിത്യം, ഭാഷ, സംസ്ക്കാരം, വിദ്യാഭ്യാസം എന്നിവ തകർക്കപ്പെട്ടു.
5. 1. ത്രികക്ഷി സഖ്യം 2. ആസ്ട്രിയഹംഗറി 3. ഇംഗ്ലണ്ട്
6. സ്വന്തം രാജ്യം മറ്റുള്ളവയേക്കാൾ ശ്രേഷ്ഠമാണെന്ന് കരുതുകയും സ്വന്തം രാജ്യം ചെയ്യുന്നതെല്ലാം ന്യായീകരിക്കുകയും ചെയ്യുന്നത് തീരദേശീയതയുടെ പ്രത്യേകതയാണ്.
7. പാൻസ്ലാവ് പ്രസ്ഥാനം, പാൻജർമ്മൻ പ്രസ്ഥാനം, പ്രതികാര പ്രസ്ഥാനം

8. 1914 ജൂണിൽ ആസ്ട്രിയൻ കിരീടാവകാശിയായ ഫ്രാൻസിന് ഫെർഡിനന്റിനെ, ബോസ്നിയൻ തലസ്ഥാനമായ സാരയാവോയിൽ വെച്ച് സെർബിയൻ യുവാവായ ഗാവ്‌ലോ പ്രിൻസപ്പ് വെടിവെച്ചു കൊന്നു.

സെർബിയയാണ് ഉത്തരവാദി എന്ന് ആരോപിച്ച് ആസ്ട്രിയ സെർബിയയോട് യുദ്ധം പ്രഖ്യാപിച്ചു.

9. ദശലക്ഷക്കണക്കിന് ജനങ്ങൾക്ക് ജീവഹാനി സംഭവിക്കുകയും, പരിക്കേൽക്കുകയും ചെയ്തു.

ദാരിദ്ര്യം, തൊഴിലില്ലായ്മ, നാണയപ്പെരുപ്പം എന്നിവ വർദ്ധിച്ചു.

ലോകസമാധാനം സംരക്ഷിക്കാൻ സർവ്വരാഷ്ട്രസഖ്യം എന്ന സംഘടന നിലവിൽവന്നു.

ഏഷ്യയിലേയും ആഫ്രിക്കയിലേയും സ്വാതന്ത്ര്യസമരങ്ങൾ ശക്തിപ്പെട്ടു.

10. 1919–ലെ വേഴ്സായി ഉടമ്പടി

11. ജർമ്മനിയിലെ ഹോഹൻ സൊളൻ രാജവംശം
ആസ്ട്രിയ ഹംഗറിയിലെ ഹാപ്സ് ബർഗ് രാജവംശം
റഷ്യയിലെ റോമനോവ് ഭരണം.

12 യുദ്ധം പാപ്പരാക്കിയ ജനങ്ങൾക്ക് സാധനങ്ങൾ വാങ്ങാൻ കഴിവില്ലാതെയായി
ഉൽപ്പന്നങ്ങൾ വിറ്റഴിക്കാതെ ഫാക്ടറികളിൽ കെട്ടിക്കിടന്നു.
ബാങ്കുകൾ തകർന്നു,
അമേരിക്കയിൽ നിന്നെടുത്ത വായ്പകൾ തിരിച്ചടയ്ക്കുന്നതിൽ യൂറോപ്യന രാജ്യങ്ങൾ വീഴ്ചവരുത്തി. പണപ്പെരുപ്പം വർദ്ധിച്ചു, തൊഴിലില്ലായ്മ, ദാരിദ്ര്യം എന്നിവ രൂക്ഷമായി.

13. സാമ്പത്തിക തകർച്ച, യുദ്ധത്തിൽ വിജയിച്ചവരോടുള്ള പ്രതികാര മനോഭാവം
ലക്ഷ്യബോധമില്ലായ്മ

14. ജനാധിപത്യത്തോടുള്ള വിരോധം, രാഷ്ട്രത്തെ മഹത്വവൽക്കരിക്കൽ
ഭൂതകാലത്തെ പ്രകീർത്തിക്കൽ, സൈനീക സ്വേച്ഛാധിപത്യം
വംശമഹിമ ഉയർത്തിപ്പിടിക്കൽ, രാഷ്ട്രീയ എതിരാളികളെ ഉന്മൂലനം ചെയ്യൽ

15. 1–ാം ലോകമഹായുദ്ധത്തിൽ വിജയിച്ചവരുടെ കൂട്ടത്തിൽപ്പെട്ടിട്ടും ഇറ്റലിക്ക് കാര്യമായ നേട്ടങ്ങളൊന്നും ലഭിച്ചില്ല.

രാജ്യം സോഷ്യലിസ്റ്റ് വിപ്ലവത്തിലേക്ക് പോകുമോ എന്ന ഭയം ഫാസിസത്തെ പിന്തുണയ്ക്കാൻ സമ്പന്നരെ പ്രേരിപ്പിച്ചു.

യുദ്ധാനന്തരകാലത്തെ വ്യവസായങ്ങളുടെ തകർച്ച, തൊഴിലില്ലായ്മ, നികുതി വർദ്ധനവ്, പണപ്പെരുപ്പം തുടങ്ങിയവ ജനങ്ങളെ ഭരണകൂടത്തിൽ നിന്നകറ്റി.

16. 1–ാം ലോകയുദ്ധാനന്തരം ജർമ്മനിയുടെ മേൽ അടിച്ചേൽപ്പിച്ച വേഴ്സായി സന്ധി
സാമ്പത്തിക തകർച്ചയും പണപ്പെരുപ്പവും
ജർമൻ ഭരണകൂടത്തിന്റെ പരാജയവും രാഷ്ട്രീയ അസ്ഥിരതയും

17. ഫാഷിസം, തവിട്ടുകുപ്പായക്കാർ
18. മ. സഖ്യശക്തികൾ, യ ജർമ്മനി, ര ജപ്പാൻ, റ ഫ്രാൻസ്
19. ദശലക്ഷക്കണക്കിന് ആളുകൾ കൊല്ലപ്പെട്ടു.
യൂറോപ്യൻ രാജ്യങ്ങളുടെ സാമ്പത്തിക നില താറുമാറായി
ലോകസമാധാനം സംരക്ഷിക്കുന്നതിനായി ഐക്യരാഷ്ട്രസംഘടന രൂപീകരിച്ചു.
അമേരിക്കയും സോവിയറ്റ് യൂണിയനും വൻശക്തിളായി മാറി.
ഏഷ്യൻ, ആഫ്രിക്കൻ രാജ്യങ്ങളിൽ സ്വാതന്ത്ര്യസമരം ശക്തിപ്പെട്ടു.
20 ഭാവിതലമുറയെ യുദ്ധഭീതിയിൽ നിന്നും രക്ഷിക്കുക
അന്താരാഷ്ട്ര ഉടമ്പടികളും നിയമങ്ങളും സംരക്ഷിക്കുക.
ലോകരാഷ്ട്രങ്ങളുടെ പുരോഗതിക്കായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
21 സോഷ്യലിസ്റ്റ് ചേരി - റഷ്യ, മുതലാളിത്ത ചേരി - അമേരിക്ക
ആശയപരമായ സംഘർഷങ്ങൾ, നയതന്ത്രയുദ്ധങ്ങൾ, പരസ്പര ശത്രുത
22. ഇന്തോനേഷ്യയിലെ ബാന്ദൂങ് ബൽഗ്രേഡ്
23. ജവഹർലാൽ നെഹ്റു, ഗമാൽ അബ്ദുൾ നാസർ, മാർഷൽ ടിറ്റോ, അഹമ്മദ് സുക്കാർണോ
24. ജൂതർക്കുവേണ്ടി രാജ്യംസ്ഥാപിക്കുക
യാസർ അറഫാത്ത്
25. പാലസ്ഥീനെ സ്വതന്ത്രരാഷ്ട്രമാക്കാനുള്ള കരാർ, ഇസ്രായേൽ രാഷ്ട്ര രൂപീകരണം
ബ്രിട്ടീഷ് വിദേശകാര്യ സെക്രട്ടറി
26. സോഷ്യലിസത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ നിന്നുള്ള വ്യതിചലനം
പ്രതിരോധത്തിനു അമിതപ്രാധാന്യം നൽകിയത്.
മിഖായേൽ ഗോർബച്ചേവിന്റെ ഭരണപരിഷ്ക്കാരങ്ങൾ
27. അമേരിക്കയിൽ വെച്ച് യുദ്ധം നടന്നില്ല.
യുദ്ധത്തിൽ തകർന്ന യൂറോപ്യൻ രാജ്യങ്ങൾ അമേരിക്കയിൽ നിന്ന് വൻതോതിൽ വായ്പകൾ വാങ്ങി.
ആഗോള വിനിമയത്തിന്റെ അടിസ്ഥാനം ബ്രിട്ടീഷ് പൗണ്ടിന് പകരം അമേരിക്കൻ ഡോളറിനായിമാറി.
28. രണ്ടാം ലോകയുദ്ധാനന്തരം രൂപംകൊണ്ട മുതലാളിത്ത ചേരിയുടെയോ സോഷ്യലിസ്റ്റ് ചേരിയുടെയോ ഭാഗമാകാതെ നിലകൊണ്ട രാജ്യങ്ങളുടെ ഐക്യം.
1955-ൽ ഇൻഡോനേഷ്യയിലെ ബാന്ദൂങ്ങിൽ ചേർന്ന സമ്മേളനത്തിൽ ചേരിചേരാ പ്ര സ്ഥാനത്തിന് രൂപം നൽകാൻ തീരുമാനിച്ചു.
1961-ൽ ചേരിചേരാ രാജ്യങ്ങളുടെ ആദ്യ സമ്മേളനം ബെൽഗ്രേഡിൽ
29. ശീത സമരത്തിന് അന്ത്യം കുറിച്ചു ഇരുധ്രുവലോകം തകർന്നു
ഏകധ്രുവലോകം ഉയർന്നുവന്നു അമേരിക്ക വൻശക്തിയായി മാറി
30. ലോകബാങ്ക് അന്താരാഷ്ട്ര നാണയനിധി ലോകവ്യാപാര സംഘടന

## *അദ്ധ്യായം-3*
## *പൊതുഭരണം*

*1.* പൊതുഭരണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന പദസൂര്യൻ പൂർത്തിയാക്കുക.

1

2 — *പൊതുഭരണം* — ജനക്ഷേമം ഉറപ്പാക്കുന്നു

3

സ്കോർ 3

2. ഇന്ത്യൻ സിവിൽ സർവ്വീസിന്റെ വർഗ്ഗീകരണം അടിസ്ഥാനമാക്കി ഫ്ളോചാർട്ട് പൂർത്തിയാക്കുക.

ഇന്ത്യൻ സിവിൽ സർവ്വീസ്

| അഖിലേന്ത്യാ സർവ്വീസ് | കേന്ദ്രസർവ്വീസ് | സംസ്ഥാന സർവ്വീസ് |
|---|---|---|
| ദേശീയതലത്തിൽ തെരഞ്ഞെടുക്കുന്നു | ........................ | .................... |
| ........................ | ................... | സംസ്ഥാന ഗവൺമെന്റിന് കീഴിൽ വരുന്ന വകുപ്പുകളിൽ നിയമിക്കുന്നു. |
| ഉദാഹരണം....................... | ഉദാഹരണം.......................... | ഉദാഹരണം ............................ |

സ്കോർ 4

3. ഭരണനവീകരണംകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? ഭരണനവീകരണത്തിനായി നടപ്പിലാക്കിയ പരിഷ്ക്കാരങ്ങൾ പട്ടികപ്പെടുത്തുക.

സ്കോർ 3

4. ഏത് സംഘടനയുടെ പ്രവർത്തനങ്ങളാണ് വിവരാവകാശ നിയമനിർമ്മാണത്തിലേക്ക് നയിച്ചത്?

സ്കോർ 1

5. വിവരാവകാശ കമ്മീഷന്റെ രൂപീകരണം, പ്രവർത്തനം എന്നിവയെ അടിസ്ഥാനമാക്കി കുറിപ്പു തയ്യാറാക്കുക.

സ്കോർ 4

6. സേവനാവകാശ നിയമത്തിന്റെ പ്രാധാന്യം എന്താണ്?

സ്കോർ 4

7. ലോക്പാൽ, ലോകായുക്ത ഇവ താരതമ്യം ചെയ്യുക.

സ്കോർ 4

8. അഴിമതി തടയുന്നതിൽ സെൻട്രൽ വിജിലൻസ് കമ്മീഷന്റെ പങ്കെന്ത്? സ്കോർ 4

9. ഓംബുഡ്സ്മാന്റെ പ്രവർത്തനങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

സ്കോർ 4

10. ഇ. ഗവേൺസ് എന്നാലെന്ത്? ഇ. ഗവേൺസിന്റെ നേട്ടങ്ങൾ എന്തെല്ലാം?

സ്കോർ 4

## *ഉത്തരസൂചിക*

1. ഗവൺമെന്റ് നയങ്ങൾ രൂപപ്പെടുത്തുന്നു.
സാധനങ്ങളും സേവങ്ങളും ലഭ്യമാക്കുന്നു.
ജനകീയപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു

2. ദേശീയതലത്തിൽ തെരഞ്ഞെടുക്കുന്നു
കേന്ദ്രസർവ്വീസിലോ സംസ്ഥാനസർവ്വീസിലോ നിയമിക്കപ്പെടുന്നു.
ഉദാഹരണം : ഐഎ എസ്, ഐ പി എസ്
ദേശീയതലത്തിൽ തെരഞ്ഞെടുക്കുന്നു
കേന്ദ്രഗവൺമെന്റിന് മാത്രം അധികാരമുള്ള വകുപ്പുകളിൽ നിയമിക്കപ്പെടുന്നു.
ഉദാഹരണം: ഇന്ത്യൻ ഫോറിൻ സർവ്വീസ്
ഇന്ത്യൻ റെയിൽവേ സർവ്വീസ്
സംസ്ഥാനതലത്തിൽ തെരഞ്ഞെടുക്കുന്നു
സംസ്ഥാന ഗവൺമെന്റിന് കീഴിൽ വരുന്ന വകുപ്പുകളിൽ നിയമിക്കപ്പെടുന്നു.
ഉദാഹരണം: സെയിൽടാക്സ് ഓഫീസർ

3. ഭരണനിർവ്വഹണത്തിന്റെ കാര്യക്ഷമത കൂട്ടാനും സേവനങ്ങൾ സമയബന്ധിതമായി ജനങ്ങൾക്ക് ലഭിക്കാനും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പരിപാടികളാണ് ഭരണനവീകരണം.
ഇ. ഗവേൺസ്, അറിയാനുള്ള അവകാശം, സേവനാവകാശം, സെൻട്രൽ വിജിലൻസ്

വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥന്റെ ഒരു ദിവസം 250 രൂപ വീതം പിഴ ശിക്ഷിക്കാൻ കമ്മീഷന് അധികാരമുണ്ട്.

6. സർക്കാർ സേവനം കൃത്യമായും ഉറപ്പുവരുത്തുന്നു.

സേവനം എത്രകാലാവധിക്കുള്ളിൽ എന്ന് നിശ്ചയിക്കുന്നു.

നിശ്ചിതകാലാവധിക്കുള്ളിൽ സേവനം നൽകിയില്ലെങ്കിൽ ഉദ്യോഗസ്ഥനുമേൽ പിഴ ചുമത്താം.

സേവനാവകാശം പൊതുഭരണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നു.

7. ദേശീയതലത്തിൽ അഴിമതി തടയുന്നതിനു രൂപംനൽകിയിരിക്കുന്ന സ്ഥാപനമാണ് ലോക്പാൽ.

സംസ്ഥാനതലത്തിൽ അഴിമതി കേസുകൾ പരിശോധിക്കുന്നതിന് രൂപംനൽകിയിരിക്കുന്ന സ്ഥാപനമാണ് ലോകായുക്ത.

8. അഴിമതി തടയുന്നതിന് ദേശീയ തലത്തിൽ രൂപം നൽകി.

1964-ൽ നിലവിൽ വന്നു.

കേന്ദ്രഗവൺമെന്റ് ഓഫീസുമായി ബന്ധപ്പെട്ട അഴിമതി തടയുകയാണ് ചുമതല.

കമ്മീഷന്റെ തലപ്പത്ത് മുഖ്യ വിജിലൻസ് കമ്മീഷണറും എല്ലാ വകുപ്പുകളിലും മുഖ്യ വിജിലൻസ് ഓഫീസും പ്രവർത്തിക്കുന്നു.

എല്ലാ സംസ്ഥാനങ്ങളിലും സംസ്ഥാന വിജിലൻസ് കമ്മീഷന് രൂപം നൽകിയിട്ടുണ്ട്.

വിജിലൻസ് കേസുകളിൽ തീർപ്പ് കൽപ്പിക്കുന്നതിന് പ്രത്യേക വിജിലൻസ് കോടതിയും പ്രവർത്തിക്കുന്നു.

9. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ ചുമതലയിൽ വീഴ്ചവരുത്തിയാൽ, അഴിമതി നടത്തിയാൽ, ധനദുർവ്വിനിയോഗം ചെയ്താൽ ഓംബുഡ്സ്മാന് പരാതി നൽകാം.

ഓംബുഡ്സ്മാൻ സംവിധാനത്തിന്റെ തുടക്കം സ്വീഡനിലാണ്.

ബാങ്കിംഗ് രംഗത്ത് ഇടപാടുകാരുടെ പരാതി കേൾക്കാനും പരിഹരിക്കാനുമാണ് ഓംബുഡ്സ്മാൻ ആരംഭിച്ചത്

വിരമിച്ച ഹൈക്കോടതി ജഡ്ജിയെയാണ് ഓംബുഡ്സ്മാനായി നിയമിക്കുന്നത്.

കുറ്റാരോപിതനെ വിളിച്ചുവരുത്തി അന്വേഷിക്കാനും വിധികൽപ്പിക്കാനും ഓംബുഡ്സ്മാന് കഴിയും.

10. സേവനത്തിനായി സർക്കാർ ഓഫീസുകളിൽ കാത്തുനിൽക്കേണ്ടതില്ല.

വിവരസാങ്കേതിക വിദ്യയുടെ സഹായത്താൽ സേവനം നേടാം.

സർക്കാർ സേവനം കുറഞ്ഞ ചെലവിലും വേഗത്തിലും ലഭിക്കുന്നു.

ഓഫീസുകളുടെ കാര്യക്ഷമതയും സേവനത്തിന്റെ ഗുണമേന്മയും വർദ്ധിക്കുന്നു.

10. വനം നിയമങ്ങൾ

ബ്രിട്ടീഷുകാരുടെ വനം നിയമങ്ങൾ.

11. പത്രങ്ങൾ ബ്രിട്ടീഷ് ഗവൺമെന്റിന്റെ നയങ്ങളെ ശക്തമായി വിമർശിച്ചു.

ഇന്ത്യയിൽ നടക്കുന്ന മർദ്ദക ഭരണത്തേക്കുറിച്ച് ജനങ്ങൾക്ക് വിവരംനൽകി.

സാമൂഹ്യപരിഷ്ക്കരണത്തേക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി.

ബ്രിട്ടീഷ് ഭരണത്തിനേതിരേയും സാമൂഹ്യ തിന്മകൾക്കെതിരേയും പ്രതികരിക്കാനും പ്രതിഷേധിക്കാനും ജനങ്ങളെ പ്രേരിപ്പിച്ചു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജനങ്ങൾ നടത്തുന്ന പോരാട്ടങ്ങളേക്കുറിച്ച് വിവരം നൽകി.

ബ്രിട്ടീഷ് ഭരണത്തിന്റെ സാമ്പത്തിക ചൂഷണത്തേക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി.

പ്ലേഗ്, ക്ഷാമം എന്നിവമൂലം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ജനങ്ങൾ മരണപ്പെട്ട വാർത്ത ഇന്ത്യയിലെമ്പാടും എത്തിച്ചു.

12. സ്വദേശിമിത്രം - സുബ്രഹ്മണ്യ അയ്യർ

ബോംബെ സമാചാർ- ഫർദ്ദൂർജി മർസ്ബാൻ

കേസരി - ബാലഗംഗാധര തിലക്

ബംഗാളി - സുരേന്ദ്രനാഥ ബാനർജി

വോയ്സ് ഓഫ് ഇന്ത്യ - ദാദാഭായ് നവറോജി

## അദ്ധ്യായം -4
## ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പും

1. ബ്രിട്ടീഷുകാർ നടപ്പിലാക്കിയ ഭൂനികുതി സമ്പ്രദായങ്ങളും അവ നടപ്പിലാക്കിയ പ്രദേശങ്ങളുമാണ് ചുവടെ കൊടുത്തിരിക്കുന്നത് പട്ടിക പൂർത്തിയാക്കുക.

| ഭൂനികുതി വ്യവസ്ഥ | നടപ്പിലാക്കിയപ്രദേശങ്ങൾ |
|---|---|
| ശാശ്വത ഭൂനികുതി വ്യവസ്ഥ | ........................... |
| ................................. | ദക്ഷിണേന്ത്യൻ പ്രദേശങ്ങൾ |
| ..................... | വടക്കുപടിഞ്ഞാറൻ ഇന്ത്യ |

സ്കോർ 3

2. ബ്രിട്ടീഷുകാർ നടപ്പിലാക്കിയ ശാശ്വത ഭൂനികുതി വ്യവസ്ഥയുമായി ബന്ധപ്പെട്ട് പദസൂര്യൻ പൂർത്തിയാക്കുക. (ഏതെങ്കിലും 4 സവിശേഷതകൾ)

സെമീന്ദാർമാർ നികുതി പിരിച്ചു — ശാശ്വത ഭൂനികുതി വ്യവസ്ഥ

സ്കോർ 4

3. റയട്ട് വാരി സമ്പ്രദായവുമായി ബന്ധപ്പെട്ട ഫ്ളോചാർട്ട് പൂർത്തിയാക്കുക

റയട്ട് വാരി സമ്പ്രദായം

കർഷകരിൽ നിന്ന്നേരിട്ട് നികുതി പിരിച്ചു | ......................... | .............................. | .....................

സ്കോർ 3

4. മഹൽവാരി സമ്പ്രദായത്തിന്റെ സവിശേഷതകൾ പട്ടികപ്പെടുത്തുക?

സ്കോർ 3

5. കൃഷിയുടെ വാണിജ്യവൽക്കരണത്തിലേക്ക് വഴിതെളിച്ച സാഹചര്യങ്ങൾ വിലയിരുത്തുക..

സ്കോർ 4

6. കൃഷിയുടെ വാണിജ്യവൽക്കരണം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?

സ്കോർ 2

7. നീലം കർഷക കലാപത്തിന്റെ കാരണങ്ങൾ വിശകലനം ചെയ്യുക

സ്കോർ 2

8. മാപ്പിള കലാപങ്ങൾ - കുറിപ്പ് തയ്യാറാക്കുക? (ഏതെങ്കിലും 3 പോയിന്റ്)

സ്കോർ 3

9. ബ്രിട്ടീഷുകാരുടെ ചൂഷണത്തിനെതിരേ നടന്ന ഒരു ഗോത്രകലാപമാണ് കുറിച്യ കലാപം വിശദമാക്കുക. സ്കോർ 4

10. ഗോത്രജനതയുടെ ജീവിതത്തിനുമേൽ ബ്രിട്ടീഷുകാർ നടത്തിയ കടന്നുകയറ്റമാണ് ഗോത്രവർഗ്ഗ കലാപങ്ങളിലേക്ക് വഴിതെളിച്ചത്? പ്രസ്താവന വിശകലനം ചെയ്യുക.

സ്കോർ 2

11. ഇന്ത്യൻ തുണിവ്യവസായത്തെ തകർച്ചയിലേക്ക് നയിച്ച ഏതെങ്കിലും 4 കാരണങ്ങൾ എഴുതി സമഗ്രം പൂർത്തിയാക്കുക.

12. താഴെ കൊടുത്തിരിക്കുന്ന ഗ്രാമീണവ്യവസായങ്ങളുടെ തകർച്ചയിലേക്ക് നയിച്ച കാരണങ്ങൾ വിശകലനം ചെയ്യുക? സ്കോർ 3

മൺപാത്ര നിർമ്മാണം തുകൽപ്പണി മരപ്പണി

13. ബ്രിട്ടീഷ് വ്യവസായ മേഖലയിൽ തൊഴിലെടുത്തിരുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ എന്തെല്ലാമായിരുന്നു?

സ്കോർ 3

14. 1867-ലെ 1-ാം സ്വാതന്ത്ര്യസമരത്തിന് തുടക്കം കുറിച്ചത് മീററ്റിലെ ശിപായിമാരായിരുന്നു. അവരെ കലാപത്തിലേക്ക് നയിച്ച ഘടകങ്ങൾ എന്തെല്ലാം?

സ്കോർ 3

15. 1857-ലെ കലാപത്തിന് നേതൃത്വം കൊടുത്തവരേയും കലാപത്തിന്റെ പ്രധാന കേന്ദ്രങ്ങളേയും കൊടുത്തിരിക്കുന്നു. നേതാക്കളേയും കേന്ദ്രത്തേയും ശരിയായി ക്രമപ്പെടുത്തുക.

നേതാക്കൾ - റാണി ലക്ഷ്മീഭായി, ബീഗം ഹസ്രത്ത് മഹൽ, മൗലവി അഹമ്മദുള്ള, ബഹദൂർഷ രണ്ടാമൻ, നാനാസാഹേബ്

കലാപകേന്ദ്രങ്ങൾ - ഡൽഹി, ഫൈസാബാദ്, കാൺപൂർ, ലഖ്നൗ, ഝാൻസി

സ്കോർ 5

16. ദാദാഭായ് നവറോജിയുടെ ചോർച്ചാസിദ്ധാന്തം അനുസരിച്ച് ഇന്ത്യൻ സമ്പത്ത് ബ്രിട്ടണിലേക്ക് ചോരുന്നതാണ് ഇന്ത്യയിലെ ദാരിദ്ര്യത്തിന്റേയും പട്ടിണിയുടേയും കാരണം. ഇന്ത്യൻ സമ്പത്ത് ബ്രിട്ടണിലേക്ക് ചോർന്നത് ഏതെല്ലാം മാർഗ്ഗങ്ങളിലൂടെയായിരുന്നു?

സ്കോർ 4

17. 1905-ലെ ബംഗാൾ വിഭജനത്തിനെതിരേ ആരംഭിച്ച സ്വദേശി പ്രസ്ഥാനത്തിന്റെ സവിശേഷതകൾ എന്തൊക്കെയായിരുന്നു? സ്കോർ 2

ഉത്തരസൂചിക

| | |
|---|---|
| 1. ഭൂനികുതി വ്യവസ്ഥ | നടപ്പിലാക്കിയപ്രദേശങ്ങൾ |
| 2.ശാശ്വത ഭൂനികുതി വ്യവസ്ഥ | .................. |
| ............ | ദക്ഷിണേന്ത്യൻ പ്രദേശങ്ങൾ |
| ................. | വടക്കുപടിഞ്ഞാറൻ ഇന്ത്യ |

4. ഗ്രാമത്തലവൻ നികുതി പിരിച്ചിരുന്നു.
ഗ്രാമത്തെ ഒരു യൂണിറ്റായി കണക്കാക്കിയാണ് നികുതി പിരിച്ചത്.
നികുതി നിരക്ക് അമിതമായിരുന്നു.
5. കർഷകർ നികുതി പണമായി നൽകണമായിരുന്നു.
നിശ്ചയിക്കപ്പെട്ട തീയതിക്കുമുമ്പ് നൽകണമായിരുന്നു.
നീകുതി നിരക്ക് കൂടുതലായിരുന്നു.
6. ഇന്ത്യൻ കർഷകർ ഭക്ഷ്യവിളകളാണ് കൃഷിചെയ്തിരുന്നത്.
ബ്രിട്ടീഷുകാരുടെ വരവോടെ ഭക്ഷ്യവിളകൾക്ക് പകരം നാണ്യവിളകൾ വൻതോതിൽ കൃഷി ചെയ്തു.
7. വിളവെടുപ്പ് കാലത്ത് ബ്രിട്ടീഷുകാർ വളരെ കുറഞ്ഞവിലയാണ് നൽകിയിരുന്നത്.
കൃത്രിമച്ചായങ്ങളുടെ കണ്ടുപിടുത്തംമൂലം നീലത്തിന് ആവശ്യക്കാർ ഇല്ലാതായി.
നീലം കർഷകർ ദുരിതത്തിലാവുകയും കലാപത്തിലേക്ക് നയിക്കുകയും ചെയ്തു.
8. ജന്മിമാരിൽനിന്നും സ്ഥലം പാട്ടത്തിനെടുത്ത് കൃഷിചെയ്ത പാട്ടക്കുടിയാന്മാരായിരുന്നു മാപ്പിളമാർ എന്നറിയപ്പെട്ട തെക്കേ മലബാറിലെ മുസ്ലീം വിഭാഗം.
ബ്രിട്ടീഷുകാരുടെ പിന്തുണയോടെ ജന്മിമാർ കർഷകരെ ദ്രോഹിച്ചു.
കുടിയൊഴിപ്പിക്കൽ ഉൾപ്പെടെയുള്ള ഇത്തരം ദ്രോഹനടപടികൾക്കെതിരേയുള്ള കലാപമാണ് മാപ്പിള കലാപങ്ങൾ.
19-ാം നൂറ്റാണ്ടിലാണ് ഇത്തരം കലാപങ്ങൾ ഉണ്ടായത്.
9. വയനാട്ടിലെ ഗോത്രജനതയായ കുറിച്യരും കുറുമ്പരും നടത്തിയ കലാപം.
1812
ബ്രിട്ടീഷുകാരുടെ അമിത നികുതി.
പണമായി നികുതി അടയ്ക്കേണ്ടിവന്നു.
നികുതി അടയ്ക്കാത്തവരുടെ കൃഷിഭൂമി പിടിച്ചെടുത്തു.
ബ്രിട്ടീഷുകാരുടെ വനം നിയമങ്ങൾ.

10.

സാന്താൾ കലാപം
കുറിച്യ കലാപം
പഹാരിയ കലാപം
കോൾ കലാപം
ഖാസി കലാപം
ഭീൽ കലാപം
. മുണ്ട കലാപം

11. വിലകുറഞ്ഞ ബ്രിട്ടീഷ് യന്ത്രനിർമ്മിത തുണിത്തരങ്ങൾ.
റെയിൽവേയുടെ വ്യാപനം
ബ്രിട്ടനിലേക്ക് കയറ്റുമതി ചെയ്തിരുന്ന ഇന്ത്യൻ തുണിത്തരങ്ങൾക്ക് ഏർപ്പെടുത്തിയ ഉയർന്ന നികുതി
ബ്രിട്ടീഷ് ഉദ്യോഗസ്ഥരുടെ ചൂഷണവും പീഢനവും

12. അലൂമിനിയം പാത്രങ്ങളുടെ ഇറക്കുമതി
തുകൽ യൂറോപ്പിലേക്ക് കയറ്റുമതി ചെയതത്
ലോഹനിർമ്മിത യന്ത്രങ്ങളുടെ ഉപയോഗം

13. മണിക്കൂറുകളോളം നീണ്ട ജോലിസമയം
കുറഞ്ഞ കൂലി
അനാരോഗ്യകരമായ താമസ സൗകര്യങ്ങൾ

14. തുശ്ചമായ ശമ്പളം
ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരിൽ നിന്ന് നേരിട്ട അവഹേളനം
പശുവിന്റേയും പന്നിയുടേയും കൊഴുപ്പ് പുരട്ടിയ തിരകൾ ഉപയോഗിച്ച തോക്കുകൾ സൈനികർക്ക് നൽകിയത്.

15. ഡൽഹി - ബഹദൂർഷ രണ്ടാമൻ
ഝാൻസി - റാണി ലക്ഷ്മീഭായി
ലഖ്നൗ - ബീഗം ഹസ്രത്ത് മഹൽ
കാൺപൂർ - നാനാസാഹേബ്
ഫൈസാബാദ് - മൗലവി അഹമ്മദുള്ള

16. ഇന്ത്യയിൽ നിന്നുള്ള അസംസ്കൃത വസ്തുക്കളുടെ കയറ്റുമതി
ഇന്ത്യയിലെ ബ്രിട്ടീഷ് ഉദ്യോഗസ്ഥർക്ക് നൽകുന്ന ശമ്പളവും പെൻഷനും
ബ്രിട്ടീഷ് ഉൽപ്പന്നങ്ങളുടെ വിൽപ്പനയിലൂടെ
ഇന്ത്യയിൽ നിന്ന് പിരിച്ചെടുക്കുന്ന നികുതി

17. ബ്രിട്ടീഷ് ഉൽപ്പന്നങ്ങളുടെ ബഹിഷ്ക്കരണം
തദ്ദേശീയ വസ്തുക്കളുടെ ഉപയോഗം

## *അദ്ധ്യായം - 4*
## *സംസ്ക്കാരവും ദേശീയതയും*

1. ഇന്ത്യൻ വിദ്യാഭ്യാസ രംഗത്ത് ഇടപെടുന്നതിനായി ബ്രിട്ടീഷുകാർ ഉണ്ടാക്കിയ സ്ഥാപനങ്ങളും സ്ഥാപകരേയും ചുവടെ കൊടുക്കുന്നു. ശരിയായി ക്രമപ്പെടുത്തുക?
സ്ഥാപനങ്ങൾ - ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബംഗാൾ, കൽക്കട്ട മദ്രസ, ബനാറസ് സംസ്കൃത കോളേജ്
സ്ഥാപകർ - വാറൻ ഹേസ്റ്റിംഗ്സ്, ജോനാഥൻ ഡങ്കൻ, വില്യം ജോൺസ് സ്കോർ 3

2. ഇന്ത്യൻ സമൂഹത്തിന്റെ ആധുനികവത്ക്കരണത്തിനായി രാജാറാം മോഹൻ റോയി നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തുക. (ഏതെങ്കിലും 3 പോയിന്റ്) സ്കോർ 3

3. ഈശ്വര ചന്ദ്ര വിദ്യാസാഗർ നടത്തിയ സാമൂഹ്യ പരിഷ്ക്കരണപ്രവർത്തനങ്ങൾ - കുറിപ്പ് തയ്യാറാക്കുക. സ്കോർ 3

4. ഇന്ത്യയുടെ സാമൂഹിക പരിഷ്ക്കരണ പ്രസ്ഥാനവുമായി ബന്ധപ്പെട്ട പട്ടിക പൂർത്തിയാക്കുക. സകോർ 4

5. പണ്ഡിത രമാഭായി ബോംബെയിൽ സ്ഥാപിച്ച ശാരദാസദന്റെ ലക്ഷ്യമെന്തായിരുന്നു? സ്കോർ 1

6. ബ്രിട്ടീഷുകാർ നിയമം മൂലം പല അനാചാരങ്ങളേയും നിരോധിച്ചു. അതുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിരിക്കുന്ന പദസൂര്യൻ പൂരത്തിയാക്കുക. (ഏതെങ്കിലും 3 പോയിന്റ്) സ്കോർ 3

7. അബനീന്ദ്രനാഥ ടാഗോറിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഈ പ്രസ്താവന വിലയിരുത്തുക. സ്കോർ 3

8. ഇന്ത്യയിലെ സാഹിത്യ കൃതികളിൽ നിന്നും ചരിത്ര സംഭവങ്ങളിൽ നിന്നുമുള്ള സന്ദർഭങ്ങളായിരുന്നു നന്ദലാൽ ബോസിന്റെ ചിത്രങ്ങളുടെ വിഷയം. അദ്ദേഹത്തിന്റെ ശ്രദ്ധേയമായ രണ്ട് ചിത്രങ്ങൾ എഴുതുക. സ്കോർ 2

9. ശരിയായ രീതിയിൽ ക്രമപ്പെടുത്തുക

1. ബങ്കിം ചന്ദ്ര ചാറ്റർജി - ആനന്ദമഠം - വന്ദേമാതരം
2. ദീനബന്ധുമിത്ര - നീൽദർപ്പിൺ - നീലം കർഷകർ
3. മഹാത്മാഗാന്ധി - വാർധാപദ്ധതി - തൊഴിലധിഷ്ഠിത വിദ്യാഭ്യാസം
4. വള്ളത്തോൾ - കലാമണ്ഡലം - തൃശൂർ

സ്കോർ 4

10. 19-ാം നൂറ്റാണ്ടിൽ ഇന്ത്യയുടെ ദേശീയത വളർത്തുന്നതിൽ വിദ്യാഭ്യാസ മേഖല വഹിച്ച പങ്ക് വിലയിരുത്തുക.
സ്കോർ 6

11. ഇന്ത്യയിൽ സാമൂഹിക പരിഷ്ക്കരണം നടപ്പാക്കുന്നതിലും ദേശീയൈക്യം നിലനിർത്തുന്നതിലും വർത്തമാനപത്രങ്ങൾ വഹിച്ച പങ്ക് എന്ത്? സ്കോർ 8

12. താഴെ തന്നിരിക്കുന്ന പത്രങ്ങളേയും അവ സ്ഥാപിച്ച നേതാക്കളേയും ക്രമപ്പെടുത്തുക
പത്രങ്ങൾ: സ്വദേശിമിത്രം, ബോംബെ സമാചാർ, കേസരി, ബംഗാളി, വോയ്സ് ഓഫ് ഇന്ത്യ,
നേതാക്കൾ: സുരേന്ദ്രനാഥ ബാനർജി, ഫർദൂർജി മർസ്ബാൻ, ദാദാഭായ് നവറോജി, ജി. സുബ്രഹ്മണ്യ അയ്യർ, ബാലഗംഗാധര തിലക്.

ഉത്തരസൂചിക

1. ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബംഗാൾ - വില്യം ജോൺസ്
   കൽക്കട്ട മദ്രസ - വാറൻ ഹേസ്റ്റിംഗ്സ്
   ബനാറസ് സംസ്കൃത കോളേജ് - ജോനാഥൻ ഡങ്കൻ
2. ജാതിവ്യവസ്ഥയെ ഏതിർത്തു
   സതി എന്ന ദുരാചാരത്തെ എതിർത്തു
   ബ്രഹ്മസമാജം സ്ഥാപിച്ചു
   ഒരൊറ്റ ഇന്ത്യന സമൂഹം എന്ന ആശയം പ്രചരിപ്പിക്കാൻ ശ്രമിച്ചു.
   സ്ത്രീകളുടെ പദവി ഉയർത്തുന്നതിനായി സ്വത്തിനുമേൽ അവകാശം നൽകണമെന്ന് ആവശ്യപ്പെട്ടു.
3. വിധവകളുടെ പുനർവിവാഹത്തിനായി പ്രയത്നിച്ചു.
   1856-ൽ ബ്രിട്ടീഷ് ഗവൺമെന്റ് ഹിന്ദു വിധവാവിവാഹ നിയമം പാസാക്കി.
   സ്ത്രീകളുടെ വിദ്യാഭ്യാസ പുരോഗതിക്കായി വിദ്യാലയങ്ങൾ സ്ഥാപിച്ചു.
4. ആര്യസമാജം - സ്വാമി ദയാനന്ദസരസ്വതി
   രാമകൃഷ്ണമിഷൻ - സ്വാമി വിവേകനന്ദൻ
   അലിഗഡ് പ്രസ്ഥാനം - സർ സയ്യിദ് അഹമ്മദ് ഖാൻ
   തിയോസഭിക്കൽ സൊസൈറ്റി - ആനിബസന്റ്
5. വിധവകൾക്ക് വിദ്യാഭ്യാസം നൽകുക.
6. സതി നിരോധിച്ചു
   പെൺ ശിശുഹത്യ നിരോധിച്ചു.
   പന്ത്രണ്ട് വയസ്സിൽ താഴെയുള്ള പെൺകുട്ടികളുടെ വിവാഹത്തിന് വിലക്കേർപ്പെടുത്തി
   ശൈശവ വിവാഹവും ബഹുഭാര്യാത്വവും നിരോധിച്ചു

അടിമത്തം നിരോധിച്ചു

7. ഭാരതമാതാ - ഇന്ത്യയിലെ ജനങ്ങൾക്ക് ആഹാരം, വസ്ത്രം വിജ്ഞാനം നൽകുന്നു.

ഇന്ത്യൻ ചിത്രകലയെ പാശ്ചാത്യ സ്വാധീനത്തിൽ നിന്ന് മോചിപ്പിക്കാൻ ശ്രമിച്ചു.

ഭാരതീയ സംസ്കാരത്തിലും ദൈശീയ പാരമ്പര്യത്തിലും അടിയുറച്ച പൗരസ്ത്യ ചിത്രകലയുടെ പ്രോത്സാഹനം

8. സതി ഗ്രാമീണ ചെണ്ടക്കാരൻ

9. ബങ്കിം ചന്ദ്ര ചാറ്റർജി - ആനന്ദമഠം - വന്ദേമാതരം

ദീനബന്ധുമിത്ര - നീൽദർപ്പിൺ - നീലം കർഷകർ

മഹാത്മാഗാന്ധി - വാർധാപദ്ധതി - തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

വള്ളത്തോൾ - കലാമണ്ഡലം - തൃശൂർ

10. ഡക്കാൻ എജ്യൂക്കേഷൻ സൊസൈറ്റി - ജി.ജി. അഗാർക്കർ, ബാലഗംഗാധര തിലക്, മഹാദേവ ഗോവിന്ദറാനഡെ - പൂനെ

വനിതാസർവ്വകലാശാല - ഡി.കെ. കാർവെ - മഹാരാഷ്ട്ര

രവീന്ദ്രനാഥ ടാഗോർ - വിശ്വഭാരതി സർവ്വകലാശാല - ബംഗാൾ

ജാമി അ മില്ലിയ ഇസ്‌ലാമിയ - മൗലാന മുഹമ്മദലി, ഷൗക്കത്തലി, ഡോ. സക്കീർ ഹുസൈൻ, എം. എ. അൻസാരി - അലിഗഡ്

കേരള കലാമണ്ഡലം - വള്ളത്തോൾ - തൃശൂർ

വാർധാ വിദ്യാഭ്യാസ പദ്ധതി - മഹാത്മാഗാന്ധി - തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

11. പത്രങ്ങൾ ബ്രിട്ടീഷ് ഗവൺമെന്റിന്റെ നയങ്ങളെ ശക്തമായി വിമർശിച്ചു.

ഇന്ത്യയിൽ നടക്കുന്ന മർദ്ദക ഭരണത്തേക്കുറിച്ച് ജനങ്ങൾക്ക് വിവരംനൽകി.

സാമൂഹ്യപരിഷ്ക്കരണത്തേക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി.

ബ്രിട്ടീഷ് ഭരണത്തിനേതിരേയും സാമൂഹ്യ തിന്മകൾക്കെതിരേയും പ്രതികരിക്കാനും പ്രതിഷേധിക്കാനും ജനങ്ങളെ പ്രേരിപ്പിച്ചു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജനങ്ങൾ നടത്തുന്ന പോരാട്ടങ്ങളേക്കുറിച്ച് വിവരം നൽകി.

ബ്രിട്ടീഷ് ഭരണത്തിന്റെ സാമ്പത്തിക ചൂഷണത്തേക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി.

പ്ലേഗ്, ക്ഷാമം എന്നിവമൂലം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ജനങ്ങൾ മരണപ്പെട്ട വാർത്ത ഇന്ത്യയിലെമ്പാടും എത്തിച്ചു.

12. സ്വദേശിമിത്രം - സുബ്രഹ്മണ്യ അയ്യർ

ബോംബെ സമാചാർ - ഫർദൂർജി മർസ്ബാൻ

കേസരി - ബാലഗംഗാധര തിലക്

ബംഗാളി - സുരേന്ദ്രനാഥ ബാനർജി

വോയ്സ് ഓഫ് ഇന്ത്യ - ദാദാഭായ് നവറോജി

## അദ്ധ്യായം-5
## സമരവും സ്വാതന്ത്ര്യവും

1. ഗാന്ധിജി നേതൃത്വം നൽകിയ സമരങ്ങളെ പ്രാദേശിക സമരങ്ങൾ, ദേശീയസമരങ്ങൾ എന്നിങ്ങനെ പട്ടികപ്പെടുത്തുക.

അഹമ്മദബാദിലെ തുണിമിൽ സമരം, ചമ്പാരൻ സമരം, നിസ്സഹകരണ സമരം, ക്വിറ്റ് ഇന്ത്യ സമരം, നിയമലംഘന സമരം, സിവിൽ നിയമലംഘന സമരം, ഖേഡയിലെ കർഷക സമരം
സ്കോർ 2 സമയം

2

2. ദക്ഷിണആഫ്രിക്കയിൽ നിന്നും ഇന്ത്യയിലേക്കു മടങ്ങിവന്ന ഗാന്ധിജിക്ക് വളരെ പെട്ടെന്ന് തന്നെ ഇന്ത്യയിലെ സാധാരണക്കാരുടെ വിശ്വാസവും അംഗീകാരവും നേടാൻ കഴിഞ്ഞു. കാരണങ്ങൾ എഴുതുക. സ്കോർ 4 സമയം 4

3. ഗാന്ധിജി നയിച്ച പ്രാദേശിക സമരങ്ങൾ ഏതെല്ലാം? അവ നടന്ന വർഷം, ഫലം എന്നിവ വിശദീകരിക്കുക. സ്കോർ 6 സമയം 7

4. ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യകാല സമരങ്ങൾ ഇന്ത്യൻ ജനതയെ സ്വാധീനിച്ചത് എങ്ങനെ?

സ്കോർ 4 സമയം 5

5. റൗലറ്റ് നിയമം പൗരാവകാശത്തിന് എതിരായിരുന്നു. ഈ പ്രസ്താവന വിലയിരുത്തുക. സ്കോർ 4 സമയം 5

6. പ്ലാസി യുദ്ധം ബ്രിട്ടീഷ് ഭരണത്തിന് അടിത്തറയിട്ടെങ്കിൽ ജാലിയൻ വാലാബാഗ് സംഭവം ബ്രിട്ടീഷ് ഭരണത്തിന്റെ അടിത്തറയിളക്കി. ഗാന്ധിജിയുടെ ഈ പ്രതികരണം വിലയിരുത്തുക. സ്കോർ 4 സമയം 5

7. ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നടത്തിയ ആദ്യത്തെ ദേശീയപ്രക്ഷോഭം ഏത്? സ്കോർ 1 സമയം

8. നിസ്സഹകരണ സമരത്തിന്റെ സവിശേഷതകൾ ഉൾപ്പെടുത്തി പദസൂര്യൻ പൂർത്തിയാക്കുക. (ഏതെങ്കിലും 4 എണ്ണം)

നിസ്സഹകരണസമരം — വിദേശവസ്തുക്കൾ ബഹിഷ്ക്കരിക്കുക

സ്കോർ 4 സമയം 5

9. അവധിലെ കർഷകർ നികുതി നൽകാൻ വിസമ്മതിച്ചു.

ഉത്തർപ്രദേശിലെ കർഷകർ കോളനി ഉദ്യോഗസ്ഥരുടെ ചുമടുകൾ എടുക്കാൻ വിസമ്മതിച്ചു.

ഏത് സമരവുമായി ബന്ധപ്പെട്ട ഗാന്ധിജിയുടെ ആഹ്വാനം ജനങ്ങൾ സ്വീകരിച്ചതിന്റെ ഉദാഹരണങ്ങളാണിവ? സ്കോർ 1 സമയം 1

10. ബഹിഷ്ക്കരണത്തോടൊപ്പം നിർമ്മാണപ്രവർത്തനങ്ങൾക്കും നിസ്സഹകരണസമരത്തിൽ ഗാന്ധിജി ആഹ്വാനം നൽകി. ഈ പ്രസ്താവന സാധൂകരിക്കുക.

സ്കോർ 4 സമയം 5

11. ചർക്കയിൽ നൂൽ നൂറ്റ് ഖാദി വസ്ത്രങ്ങൾ നെയ്യുക. ഗാന്ധിജിയുടെ ഈ ആഹ്വാനം ഏത് സമരവുമായി ബന്ധപ്പെട്ടിരിക്കുന്നു? ഈ സമരത്തിന്റെ ഏത് അംശവുമായി ഇതിനെ ബന്ധിപ്പിക്കാം? സ്കോർ 2 സമയം 2

12. ഖിലാഫത്ത് പ്രസ്ഥാനത്തെ ഇന്ത്യൻ ദേശീയപ്രസ്ഥാനത്തോട് ചേർത്ത് നിർത്തിയത് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ എങ്ങനെ സ്വാധീനിച്ചു?

സ്കോർ 2 സമയം 5

13. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ നിസ്സഹകരണസമരത്തിന്റെ പ്രാധാന്യം എന്ത്?

സ്കോർ 3 സമയം 5

14. ഗാന്ധിജി നിസ്സഹരണസമരം നിർത്തിവെയ്ക്കാൻ ഇടയാക്കിയസംഭവം എന്ത്?

സ്കോർ 1 സമയം 1

15. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ലാഹോർ സമ്മേളനം നടന്നത് എന്ന്? ഇതിന്റെ ചരിത്രപ്രാധാന്യം എന്ത്? സ്കോർ 4 സമയം 6

16. ഉപ്പ് സമരായുധമായി തിരഞ്ഞെടുക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങൾ ഏവ?

സ്കോർ 4 സമയം 5

17. ഏഴുലക്ഷം ഗ്രാമങ്ങളിലെ പത്തുപേർ വീതം ഉപ്പ് കുറുക്കാൻ തുടങ്ങുകയാണെങ്കിൽ ഈ സർക്കാരിന് എന്ത് ചെയ്യാൻ കഴിയും. നിങ്ങൾക്ക് ഊഹിക്കാവുന്നതിൽ ഏറ്റവും നീചനായ സ്വേച്ഛാധിപതിപോലും സമാധാനപരമായി നിയമം ലംഘിക്കുന്ന ജനതയെ പീരങ്കി കൊണ്ട് നേരിടാൻ ഔറ്റം കാണിക്കില്ല. ഗാന്ധിജിയുടെ ഈ ആഹ്വാനം ഇന്ത്യൻ ജനത ഏറ്റെടുത്തത് എങ്ങനെ? വിശദീകരിക്കുക. സ്കോർ 3 സമയം 5

18. ഗുജറാത്തിലെ ധരാസന ഉപ്പുനിർമ്മാണശാലയിലേക്ക് നടന്ന സമരത്തിന് നേതൃത്വം നൽകിയത് ആര്? സ്കോർ 1 സമയം 1

19. അഹിംസയിലൂന്നിയ ധീരതയ്ക്ക് ഏറ്റവും നല്ല ഉദാഹരണമാണ് ഉപ്പ് സത്യാഗ്രഹം. വിശദീകരിക്കുക? സ്കോർ 6 സമയം 8

20. ക്വിറ്റ് ഇന്ത്യാ സമരത്തിന് കാരണമായ ഘടകങ്ങൾ ഉൾപ്പെടുത്തി പദസൂര്യൻ പൂർത്തിയാക്കുക.

*ക്വിറ്റ് ഇന്ത്യാസമരം കാരണങ്ങൾ*

*ഭരണഘടനാ പരിഷ്ക്കാരങ്ങൾ ഇന്ത്യയിൽ നടപ്പിലാക്കാൻ ബ്രിട്ടൺ കാണിച്ച വൈമനസ്യം*

*സ്കോർ 2 സമയം 5*

21. നിയമലംഘന സമരത്തിന്റെ ഫലങ്ങൾ പട്ടികപ്പെടുത്തുക.
സ്കോർ 3 സമയം 5

22. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ സുഭാഷ് ചന്ദ്രബോസിന്റെ പങ്ക് വിലയിരുത്തുക.
സ്കോർ 6 സമയം 8

23. പട്ടിക പൂർത്തിയാക്കുക

അഭിനവ് ഭാരത് സൊസൈറ്റി ..................................................................
ഗദർ പാർട്ടി ..................................................................
അനുശീലൻ സമിതി ..................................................................
ഇന്ത്യൻ റിപ്പബ്ലിക്കൻ ആർമി ..................................................................

24. പട്ടിക പൂർത്തിയാക്കുക

| | |
|---|---|
| | |
| സ്വരാജ് പാർട്ടി | ........................................................ |
| ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് | |
| റിപ്പബ്ലിക്കൻ അസ്സോസ്സിയേഷൻ | ........................................................ |

സ്കോർ 3 സമയം 3

25. ഇന്ത്യൻ തൊഴിലാളി പ്രസ്ഥാനം രൂപംകൊള്ളാൻ ഇടയാക്കിയ സാഹചര്യങ്ങൾ പട്ടികപ്പെടുത്തുക. സ്കോർ 3സമയം 5

26. പട്ടിക പൂർത്തിയാക്കുക

| | |
|---|---|
| അഖിലേന്ത്യാ ട്രേഡ് യൂണിയൻ കോൺഗ്രസ് | .................................. |
| .................................................. | എൻ. ജി. രംഗ |

സ്കോർ 2 സമയം 2

27.അഖിലേന്ത്യാ ട്രേഡ് യൂണിയൻ കോൺഗ്രസ്സിന്റെ ലക്ഷ്യങ്ങൾ ഏവ?

സ്കോർ 3 സമയം 5

28. രണ്ടാം ലോകയുദ്ധത്തിന് ശേഷം ലോകത്ത് ഉണ്ടായ മാറ്റങ്ങൾ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നൽകാൻ ബ്രിട്ടനെ നിർബ്ബന്ധിതമാക്കി. ഈ പ്രസ്ഥാവന സാധൂകരിക്കുക.

സ്കോർ 4 സമയം 5

29. മൗണ്ട് ബാറ്റൻ പദ്ധതിയുടെ നിർദ്ദേശങ്ങൾ ഏവ?

30. ഇന്ത്യൻ സ്വാതന്ത്ര്യ നിയമം ബ്രിട്ടീഷ് ഗവൺമെന്റ് പാസ്സാക്കിയ വർഷം?

31. നിയമലംഘന സമരത്തിന്റെ ഭാഗമായി ഗാന്ധിജി മുന്നോട്ടുവെച്ച ആവശ്യങ്ങളേവ?

32. ഇന്ത്യൻ സ്വാതന്ത്ര്യ സമര കാലഘട്ടത്തിൽ തൊഴിലാളികളും കർഷകരും വിവിധ സമങ്ങൾക്ക് നേതൃത്വം നൽകി. വ്യക്തമാക്കുക?

33. ക്വിറ്റ് ഇന്ത്യ സമരം നടന്ന വർഷം?

34. 1941-ലെ ക്വിറ്റ് ഇന്ത്യ സമരത്തിന് കാരണമായ ഘടകങ്ങളേവ?

35. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നൽകുമ്പോൾ ബ്രിട്ടണിൽ അധികാരത്തിലിരുന്ന പാർട്ടി?

36. അഖിലേന്ത്യാ കിസാൻ സമിതി സമ്മേളനത്തിൽ രൂപം നൽകിയ കിസാൻ മാനിഫെസ്റ്റോയിൽ ഉൾപ്പെടുത്തിയിരുന്ന ആവശ്യങ്ങളേവ?

37. 1934-ൽ ബോംബെയിൽ ചേർന്ന സമ്മേളനത്തിൽ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി രൂപംകൊണ്ടത് ആരുടെ നേതൃത്വത്തിലാണ്?

ഉത്തരസൂചിക

1. പ്രാദേശിക സമരങ്ങൾ -

ദേശീയ സമരങ്ങൾ -

2. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് ദക്ഷിണാഫ്രിക്കയിൽ എത്തിയ ജനവിഭാഗങ്ങളുടെ പ്രശ്നങ്ങളിൽ ഇടപെട്ടത്

ദക്ഷിണാഫ്രിക്കയിൽ ഗാന്ധിജി നയിച്ച സമരങ്ങൾ

സാധാരണ ജനങ്ങളെപ്പോലെ വസ്ത്രം ധരിക്കുകയും ഭക്ഷണം കഴിക്കുകയും അവരുടെ ഭാഷയിൽ സംസാരിച്ചതും

തങ്ങളുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയുന്ന രക്ഷകനായി ഗാന്ധിജിയെ വിലയിരുത്തി.

3. ചമ്പാരനിലെ നീലം കർഷകരുടെ സമരം 1917-ൽ നീലം കർഷകർക്ക് അനുകൂലമായ നിയമം പാസ്സാക്കാൻ കഴിഞ്ഞു.

ഹൈദരാബാദിലെ തുണിമിൽ സമരം 1918. പ്ലേഗ് ബോണസിനെ ചൊല്ലി നടന്ന സമരം ശമ്പളവർദ്ധനവിന് അധികാരികൾ സമ്മതിച്ചു.

ഖേഡ സമരം

വരൾച്ചയും കൃഷിനാശവും ദുരിതത്തിലാക്കിയ ഖേഡയിലെ കർഷകരിൽ നിന്ന് നികുതി പിരിക്കാൻ ശ്രമിച്ചത് 1918. നികുതിയിളവ്.

4. ഗാന്ധിജിയുടെ സമരരീതിയും ആശയങ്ങളും പരിചയപ്പെടാൻ അവസരം.

ദേശീയ പ്രസ്ഥാനത്തിലേക്ക് സാധരണക്കാർ ആകർഷിക്കപ്പെട്ടു.

ഗ്രാമപ്രദേശങ്ങളിലേക്ക് ദേശീയ പ്രസ്ഥാനം വ്യാപിച്ചു.

ദേശീയ നേതാവായി ഗാന്ധിജി മാറി.

5. ഭീകരപ്രവർത്തനം തടയാൻ വേണ്ടി 1919-ൽ നടപ്പിലാക്കി. ഈ നിയമപ്രകാരം ഏതൊരാളെ അറസ്റ്റ് ചെയ്ത് വിചാരണ കൂടാതെ തടങ്കലിൽ വയ്ക്കാൻ കഴിഞ്ഞു.

6. 1919-ൽ ബ്രിട്ടീഷുകാർ നടപ്പിലാക്കിയ റൗലറ്റ് നിയമം പൗരാവകാശ നിഷേധമായിരുന്നു.

ഇതിനെതിരേ സത്യാഗ്രഹം ആരംഭിക്കാൻ ഗാന്ധിജിയുടെ ആഹ്വാനം.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രതിഷേധങ്ങൾ, പ്രകടനങ്ങൾ.

സർക്കാർ ശകതമായി അടിച്ചമർത്തി.

ജാലിയൻവാലാബാഗിൽ നിരായുധരായ ജനങ്ങൾക്ക് നേരെ വെടിവെപ്പ്.

379 പേർ മരിച്ചു.

ഇന്ത്യയിലെമ്പാടും ശക്തമായ പ്രതിഷേധം.

7. 1920-ലെ നിസ്സഹകരണ സമരം.

8. വിദ്യാർത്ഥികൾ ഇംഗ്ലീഷ് വിദ്യാലയങ്ങൾ ബഹിഷ്ക്കരിക്കുക
വക്കീലന്മാർ കോടതികൾ ബഹിഷ്ക്കരിക്കുക
തിരഞ്ഞെടുപ്പുകൾ ബഹിഷ്ക്കരിക്കുക
ബ്രിട്ടീഷ് പുരസ്കാരങ്ങൾ തിരികെ നൽകുക
നികുതി നൽകാതിരിക്കുക

9. നിസ്സഹകരണസമരം

10. വിദ്യാർത്ഥികൾ ഇംഗ്ലീഷ് വിദ്യാലയങ്ങൾ ബഹിഷ്ക്കരിക്കുക, വക്കീലന്മാർ കോടതികൾ ബഹിഷ്ക്കരിക്കുക, തിരഞ്ഞെടുപ്പുകൾ ബഹിഷ്ക്കരിക്കുക, ബ്രിട്ടീഷ് പുരസ്കാരങ്ങൾ തിരികെ നൽകുക, നികുതി നൽകാതിരിക്കുക, വിദേശവസ്തുക്കൾ ബഹിഷ്രിക്കുക എന്നിവ നിസ്സഹകരണ സമരത്തിന്റെ സവിശേഷതകളായിരുന്നു.

ബഹിഷ്ക്കരണത്തോടൊപ്പം നിർമ്മാണ പ്രവർത്തനങ്ങൾക്കും ഗാന്ധിജി ആഹ്വാനം നൽകി. ഇതിനേ തുടർന്ന് ജനങ്ങൾ തദ്ദേശീയമായ ഉൽപ്പന്നങ്ങൾ നിർമ്മിച്ചു. ചർക്കയിൽ നൂൽ നൂറ്റ് ഖാദി വസ്ത്രങ്ങൾ നെയ്തു. ദേശീയവിദ്യാലയങ്ങൾ ആരംഭിക്കുകയും ഹിന്ദി പ്രചരിപ്പിക്കുകയും ചെയ്തു. അയിത്തോച്ചാടന പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി.

11. നിസ്സഹകരണസമരം , നിർമ്മാണ പ്രവർത്തനം

12. സ്വാതന്ത്ര്യ സമരത്തിൽ മുസ്ലീങ്ങളുടെ സജീവ സാന്നിദ്ധ്യം ഉറപ്പാക്കി
ബ്രിട്ടീഷ് വിരുദ്ധ വികാരം ഇന്ത്യയിൽ ഉടനീളം വളർന്നു.
ഹിന്ദു - മുസ്ലീം ഐക്യം ശക്തിപ്പെട്ടു.

13. ഇന്ത്യയിലെ വിദ്യാസമ്പന്നരുടേയും ഉയർന്ന വിഭാഗത്തിൽ ഉള്ളവരിലും ഒതുങ്ങിനിന്നിരുന്ന സ്വാതന്ത്ര്യ പ്രക്ഷോഭത്തെ ഇന്ത്യയിലെ എല്ലാ പ്രദേശങ്ങളിലേക്കും ജനവിഭാങ്ങളിലേക്കും വ്യാപിപ്പിക്കാൻ നിസ്സഹകരണപ്രസ്ഥാനത്തിന് കഴിഞ്ഞു.

14. ചൗരിചൗരാ സംഭവം

15. 1929-ൽ ജഹർലാൽ നെഹ്രുവിന്റെ അദ്ധ്യക്ഷതിൽ ലാഹോറിൽവെച്ച് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സമ്മേളനം നടന്നു.

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ അന്തിമലക്ഷ്യം പൂർണ്ണസ്വരാജ് എന്ന് പ്രഖ്യാപിച്ചു.

ഗാന്ധിജിയുടെ നേതൃത്വത്തിൽ സിവിൽ നിയമലംഘനം ആരംഭിക്കാൻ തീരുമാനിച്ചു.

16. ബ്രിട്ടീഷ് സർക്കാരിന്റെ നികുതി വരുമാനത്തിന്റെ 2/5 ഭാഗവും ഉപ്പിന് മേൽ ചുമത്തുന്ന നികുതിയായിരുന്നു.

ദരിദ്രർക്ക് ഈ നികുതി വലിയ ഭാരമായിരുന്നു.

തദ്ദേശീയരായ ചെറുകിട ഉപ്പുൽപ്പാദകർക്കുമേൽ ഉപ്പുണ്ടാക്കുന്നതിന് നിരോധനം ഏർപ്പെടുത്തി.

ഉപ്പിന്റെ വില മൂന്നു മടങ്ങ് വർദ്ധിപ്പിച്ചിരുന്നു.

സാധാരണക്കാരെ ഉണർത്താൻ ഉതകുന്ന ഒരു മുദ്രാവക്യമായിരുന്നു ഇത്.

17. ജനങ്ങൾ ഉപ്പ് കുറുക്കി നിയമലംഘനസമരത്തിൽ പങ്കെടുത്തു.

കേരളത്തിൽ പയ്യന്നൂർ, തമിഴ്നാട്ടിൽ വേദാരണ്യം, മഹാരാഷ്ട്രയിൽ ബോംബെ, ബംഗാളിൽ നവഖാലി, വടക്കുപടിഞ്ഞാറൻ അതിർത്തി പ്രദേശം എന്നിവ പ്രധാന സമര കേന്ദ്രങ്ങളായി, കടൽത്തീരങ്ങൾ സമരകേന്ദ്രങ്ങളായി, ഇവിടെ ഉപ്പുണ്ടാക്കി സമര വാളന്റിയർമാർ ജനങ്ങൾക്ക് വിതണം ചെയ്തു. ദേശീയപതാക ഉയർത്തി. ബ്രിട്ടീഷ് വിരുദ്ധ മുദ്രാവാക്യം വിളിച്ചു.

18. സരോജിനി നായിഡു

19. നിയമലംഘന സമരം, ഉപ്പ് സമരായുധം, ജനങ്ങൾക്ക് പങ്കാളിത്തം
ഉപ്പു സമരത്തിന്റെ പ്രാധാന്യം

20. വിലക്കയറ്റം, ക്ഷാമം എന്നിവ സൃഷ്ടിച്ച അതൃപ്തി
രണ്ടാം ലോകയുദ്ധത്തിൽ ബ്രിട്ടൺ പരാജയപ്പെടുമെന്ന തോന്നൽ

21. നിസ്സാരമെന്ന് തോന്നുന്ന ജനകീയ പ്രശ്നങ്ങളെ ശക്തമായ സമരായുധമാക്കാൻ സാധിക്കുമെന്ന് തെളിയിച്ചു. വൻതോതിൽ ജനപിന്തുണ നേടി
ബ്രിട്ടീഷ് സർക്കാരിന്റെ ചൂഷണം ലളിതമായി ജനങ്ങളെ ബോധ്യപ്പെടുത്തി.

22. വ്യത്യസ്തമായ കാഴ്ചപ്പാട്, ഗാന്ധിയൻ സമരരീതികളോട് പലഘട്ടങ്ങളിലും വിയോജിപ്പ് പ്രകടിപ്പിച്ചു,ഫോർവേഡ് ബ്ലോക്ക് എന്ന രാഷ്ട്രീയപാർട്ടി രൂപീകരിച്ചു, ഐ എൻ എ യുടെ നേതൃത്വം ഏറ്റെടുത്തു, സിങ്കപ്പൂരിൽവെച്ച് സ്വതന്ത്ര ഭാരതത്തിന് ഒരു താൽക്കാലിക ഗവൺമെന്റ് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ രൂപീകരിച്ചു, ഐ.എൻ.എ യുടെ വനിതാ വിഭാഗമായി ഝാൻസിറാണി റെജിമെന്റ് രൂപീകരിച്ചു. ഇന്ത്യയുടെ വടക്കു കിഴക്കൻ അതിർത്തി വരെ ഇന്ത്യൻ നാഷണൽ ആർമി എത്തുകയും ഇന്ത്യ യുടെ ദേശീയപതാക ഇംഫാലിൽ ഉയർത്തുകയും ചെയ്തു.

23. സൂര്യസെൻ വി.ഡി. സവർക്കർ ലാലാ ഹർദയാൽ
ബരിന്ദർ കുമാർ ഘോഷ് പുലിൻ ബിഹാരി ദാസ്

24. സി. ആർ. ദാസ്, മോത്തിലാൽ നെഹ്റു
ഭഗത് സിംഗ്, ചന്ദ്രശേഖർ ആസാദ്, സുഖ്ദേവ്, രാജ്ഗുരു

25. റഷ്യൻ വിപ്ലവം, സോഷ്യലിസ്റ്റ് ആശയങ്ങൾ, തൊഴിലാളികൾ അനുഭവിച്ച ചൂഷണം

26. എം.എൻ. ജോഷി, ലാലാ ലജ്പത് റായി
അഖിലേന്ത്യാ കിസാൻ കോൺഗ്രസ്സ്

27. തൊഴിലാളി വർഗ്ഗമെന്ന നിലയിൽ സംഘടിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക
ഇന്ത്യൻ തൊഴിലാളി വർഗ്ഗം രാജ്യത്തിന് പുറത്തുള്ള തൊഴിലാളി വർഗ്ഗവുമായിചേർന്ന് പ്രവർത്തിക്കുക, സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള പോരാട്ടത്തിൽ സജീവ പങ്ക് വഹിക്കുക.

28. രണ്ടാം ലോകയുദ്ധാനന്തരം ബ്രിട്ടൺ സാമ്പത്തികമായി ദുർബ്ബലമായി.
കോളനികൾ നിലനിർത്താനുള്ള ശേഷി നഷ്ടപ്പെട്ടു.
ഏഷ്യയിലും ആഫ്രിക്കയിലും സ്വാതന്ത്ര്യ സമരങ്ങൾ ശക്തിപ്പെട്ടു.
വൻ ശക്തികളായി ഉയർന്നുവന്ന അമേരിക്കയും സോവിയറ്റ് യൂണിയനും കോളനിവാഴ്ചയ്ക്കെതിരായി നിലപാടെടുത്തു. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നൽകാൻ ബ്രിട്ടനെ നിർബ്ബന്ധിതമാക്കി.

29. മുസ്‌ലിംകൾക്ക് ഭൂരിപക്ഷമുള്ള പ്രദേശത്ത് അവർ ആഗ്രഹിക്കുകയാണെങ്കിൽ ഒരു പ്രത്യേക രാജ്യം അനുവദിക്കേണ്ടതാണ്.
പഞ്ചാബും ബംഗാളും രണ്ടായി വിഭജിക്കേണ്ടതാണ്.
വടക്കുപടിഞ്ഞാറൻ അതിർത്തിസംസ്ഥാനം പാകിസ്ഥാനിൽ ചേർക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നതിന് ഒരു ഹിതപരിശോധന നടത്തുന്നതാണ്.
ബംഗാളിലെയും പഞ്ചാബിലെയും ഹിന്ദു-മുസ്‌ലിം സംസ്ഥാനങ്ങളുടെ അതിർത്തി നിർണ്ണയിക്കുന്നതിന് ഒരു അതിർത്തി നിർണ്ണയ കമ്മീഷനെ നിയമിക്കുന്നതാണ്.

30. 1947

31. ഉപ്പു നികുതി എടുത്തുകളയുക, കൃഷിക്കാർക്ക് 50% നികുതിയിളവ് നൽകുക, വിദേശവസ്തുക്കളുടെ ഇറക്കുമതിക്ക് ചുമത്തുന്ന നികുതി വർദ്ധിപ്പിക്കുക, രാഷ്ട്രീയ തടവുകാരെ വിട്ടയക്കുക, സൈനിക ചെലവും ഉയർന്ന ഉദ്യോഗസ്ഥരുടെ ശമ്പളവും വെട്ടിക്കുറയ്ക്കുക, ഇന്ത്യക്കാരെ നിരീക്ഷിക്കുന്നതിനായി നിയോഗിച്ചിട്ടുള്ള രഹസ്യാന്വേഷണ വിഭാഗത്തെ പിരിച്ചുവിടുക, തീരദേശ കപ്പൽഗതാഗതം ആരംഭിക്കുക, സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കുക

32.

| | |
|---|---|
| തേഭാഗസമരം | ബംഗാൾ |
| തെലങ്കാന സമരം | ആന്ധ്രപ്രദേശ് |
| നാവിക കലാപം | ബോംബെ |

33. 1942

34. ഇന്ത്യയിൽ ഭരണഘടനാ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കാൻ ബ്രിട്ടൺ കാണിച്ച വൈമനസ്യം, വിലക്കയറ്റവും ക്ഷാമവും മൂലമുള്ള ജനങ്ങളുടെ അതൃപ്തി, രണ്ടാം ലോകയുദ്ധത്തിൽ ബ്രിട്ടൺ പരാജയപ്പെടുമെന്ന തോന്നൽ

35. ലേബർ പാർട്ടി

36. ഭൂനികുതിയും പാട്ടവും 50% കുറയ്ക്കുക, കടങ്ങൾ മരവിപ്പിക്കുക, ഫ്യൂഡൽ നികുതികൾ റദ്ദാക്കുക, കർഷകത്തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുക, കർഷക യൂണിയനുകളെ അംഗീകരിക്കുക.

37. ജയപ്രകാശ് നാരായൺ

# സ്വാതന്ത്ര്യാനന്തര ഇന്ത്യ

1. സ്വാതന്ത്ര്യാനന്തര ഇന്ത്യ നേരിടേണ്ടിവന്ന ഏറ്റവും പ്രധാന വെല്ലുവിളി എന്തായിരുന്നു?

സ്കോർ 1 സമയം –1 മിനിട്ട്

2. ഇന്ത്യയുടെ സ്വാതന്ത്ര്യ സമ്പാദനം ഒരേ സമയം സന്തോഷത്തിനും ദുഖത്തിനും വഴി വെച്ചു. സാധൂകരിക്കുക.

സ്കോർ 2 സമയം –2 മിനിട്ട്

3. നാട്ടുരാജ്യങ്ങളുടെ ഇന്ത്യൻ യൂണിയനിലേക്കുള്ള സംയോജനം എന്ന പ്രശ്നം സ്വതന്ത്ര ഇന്ത്യ പരിഹരിച്ചത് എങ്ങനെയെന്ന് വിവരിക്കുക.

സ്കോർ 6 സമയം –7 മിനിട്ട

4. സ്വാതന്ത്ര്യത്തിന് ശേഷവും ഇന്ത്യയിൽ സ്വാധീനപ്രദേശങ്ങൾ ഉണ്ടായിരുന്ന വിദേശശക്തികൾ ഏവ? അവയുടെ സ്വാധീനത്തിലുണ്ടായിരുന്ന പ്രദേശങ്ങൾ ഏതെല്ലാം?

സ്കോർ 4 സമയം –5 മിനിട്ട്

5. ഗോവ, ഡാമൻ, ദിയൂ എന്നീ പ്രദേശങ്ങൾ സൈനീക നടപടിയിലൂടെ ഇന്ത്യൻ യൂണിയനിൽ ചേർക്കപ്പെട്ട വർഷം

സ്കോർ 1 സമയം –1 മിനിട്ട

6. 1946–ൽ രൂപീകരിക്കപ്പെട്ട ഭരണഘടനാ നിർമ്മാണസഭയുടെ അദ്ധ്യക്ഷൻ

സ്കോർ 1 സമയം –1 മിനിട്ട്

7. ഭരണഘടന എഴുതി തയ്യാറാക്കാൻ നിയമിക്കപ്പെട്ട ഡ്രാഫ്റ്റിംങ് കമ്മറ്റിയുടെ ചെയർമാൻ

സ്കോർ 1 സമയം –1 മിനിട്ട്

8. ഭാഷാസംസ്ഥാനങ്ങളുടെ രൂപീകരണത്തിലേക്ക് നയിച്ച സംഭവങ്ങൾ ഉൾപ്പെടുത്തി ഫ്ളോചാർട്ട് പൂർത്തിയാക്കുക.

സ്കോർ 5 സമയം -5 മിനിട്ട്

9. സംസ്ഥാനങ്ങളെ പുനസംഘടിപ്പിക്കുന്നതിനായി രൂപീകരിച്ച സംസ്ഥാന പുനസംഘടനാ കമ്മീഷനിലെ അംഗങ്ങൾ ആരെല്ലാമായിരുന്നു? സ്കോർ 3 സമയം -3 മിനിട്ട്

10. 1990 കളിൽ ഇന്ത്യയുടെ സമ്പദ് വ്യവസ്ഥയിൽ പ്രകടമായ വ്യതിയാനം ഉണ്ടായി. ഈ പ്രസ്താവന പരിശോധിക്കുക.

സ്കോർ 1 സമയം -1 മിനിട്ട്

11. ഇരുമ്പുരുക്ക് വ്യവസായശാലകളും സഹായം നൽകിയ രാഷ്ട്രങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയ പട്ടിക പൂർത്തിയാക്കുക.

| എ. | ബി |
|---|---|
| റൂർക്കല - | ............................ |
| .................................. | സോവിയറ്റ്യൂണിയൻ |
| ബൊക്കാറോ - | ........................................ |
| ................................ - | ബ്രിട്ടൺ |

സ്കോർ 4 സമയം -2 മിനിട്ട്

12. ഇന്ത്യയിൽ പഞ്ചവത്സര പദ്ധതികൾ ആരംഭിച്ച വർഷം

സ്കോർ 1 സമയം -1 മിനിട്ട്

13. ഇന്ത്യയിൽ കാർഷിക വ്യാവസായിക മേഖല പുഷ്ടിപ്പെടാൻ പഞ്ചവത്സര പദ്ധതികൾ സഹായിച്ചു. മറ്റ് ഏതൊക്കെ വിധത്തിലാണ് പഞ്ചവത്സര പദ്ധതികൾ സഹായിച്ചു?

സ്കോർ 3 സമയം -3 മിനിട്ട്

14. ശാസ്ത്ര സാങ്കേതിക രംഗത്തെ വളർച്ച കൈവരിക്കുന്നതിനായി സ്ഥാപിക്കപ്പെട്ട ഗവേഷണ സ്ഥാപനങ്ങൾ, ശാസ്ത്രസ്ഥാപനങ്ങൾ, പ്രവർത്തിച്ച ശാസ്ത്രജ്ഞന്മാർ എന്നിവ ഉൾപ്പെടുത്തി പട്ടിക നിർമ്മിക്കുക.

സ്കോർ 5 സമയം -5 മിനിട്ട്

15. ശാസ്ത്രരംഗത്ത് ഇന്ത്യ നേട്ടങ്ങൾ കൈവരിച്ച മേഖലകൾ പട്ടിക പൂർത്തിയാക്കുക

മെഡിക്കൽ വിദ്യാഭ്യാസം
ബയോമെഡിക്കൽ എഞ്ചിനീയറിംങ്
ജനിതകശാസ്ത്രം
..............................
...............................
...............................
ആരോഗ്യം
ഗതാഗതം
ആണവോർജ്ജം

സ്കോർ 3 സമയം -3 മിനിട്ട്

16. ബഹിരാകാശ ഗവേഷണരംഗത്ത് ഇന്ത്യ കൈവരിച്ച നേട്ടങ്ങൾ വിശദമാക്കുക

സ്കോർ 6 സമയം -6 മിനിട്ട്

*17.* ഇന്ത്യൻ വിദ്യാഭ്യാസത്തെക്കുറിച്ച് പഠിക്കുന്നതിനും ശുപാർശകൾ സമർപ്പിക്കുന്നതിനുമായി ഗവൺമെന്റ് നിയമിച്ച വിവിധ കമ്മീഷനുകളും അവയുടെ ലക്ഷ്യങ്ങളും ശുപാർശകളും ഉൾപ്പെടുത്തി തയ്യാറാക്കിയ പട്ടിക അനുയോജ്യമായി ക്രമീകരിക്കുക

| എ | ബി | സി |
|---|---|---|
| ഡോ. ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷൻ | വിദ്യാഭ്യാസത്തിന്റെ ദേശീയ മാതൃകയെപ്പറ്റിയുള്ള നിർദ്ദേശം | സ്ത്രീവിദ്യാഭ്യാസത്തിന് പ്രാധാന്യം |
| ഡോ. രാധാകൃഷ്ണൻ കമ്മീഷൻ | സെക്കന്ററി വിദ്യാഭ്യാസ മേഖലയെക്കുറിച്ചുള്ള പഠനം | 10+2+3 മാതൃകയിലെ വിദ്യാഭ്യാസം |
| ഡോ. ഡി.എസ്. കോത്താരി കമ്മീഷൻ | സർവ്വകലാശാല വിദ്യാഭ്യാസത്തെ കുറിച്ചുള്ള പഠനം | ത്രിഭാഷാപദ്ധതി |

സ്കോർ 6 സമയം -6 മിനിട്ട്

18. ഓരോ ജില്ലയിലും നവോദയ വിദ്യാലയങ്ങൾ സ്ഥാപിക്കണം എന്നത് 1986-ലെ ദേശീയവിദ്യാഭ്യാസ നയത്തിന്റെ പ്രധാന നിർദ്ദേശങ്ങളിൽ ഒന്നാണ്. മറ്റ് പ്രധാന നിർദ്ദേശങ്ങൾ ഏതെല്ലാം?

സ്കോർ 3 സമയം -5 മിനിട്ട്

19. സംഗീതത്തിന്റേയും നാടകത്തിന്റേയും പ്രോത്സാഹനം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന സ്ഥാപനം ഏത്?

സ്കോർ 1 സമയം -1 മിനിട്ട്

20. ഇന്ത്യയ്ക്കകത്തും പുറത്തും ഇന്ത്യയുടെ സാംസ്കാരിക മുന്നേറ്റത്തിന്റെ പ്രോത്സാഹനം ലക്ഷ്യമാക്കി സ്വാതന്ത്ര്യാനന്തരം ആരംഭിച്ച പ്രധാനപ്പെട്ട സ്ഥാപനങ്ങൾ ഏവ?

സ്കോർ 5 സമയം -5 മിനിട്ട്

21. ഇന്ത്യൻ വിദേശനയത്തിന്റെ മുഖ്യശിൽപ്പി എന്ന് അറിയപ്പെടുന്നതാര്?

സ്കോർ 1 സമയം -1 മിനിട്ട്

22. സാമ്രാജ്യത്വത്തോടും കൊളോണിയൽ വ്യവസ്ഥയോടുമുള്ള എതിർപ്പ് ഇന്ത്യൻ വിദേശ നയത്തിന്റെ പ്രധാന തത്വങ്ങളിൽ ഒന്നാണ്. മറ്റേതെങ്കിലും നാല് പ്രധാന തത്ത്വങ്ങൾ എഴുതുക.

സ്കോർ 5 സമയം -6 മിനിട്ട്

23. പഞ്ചശീല തത്വത്തിന്റെ സവിശേഷതകൾ പട്ടികപ്പെടുത്തുക

സ്കോർ 5 സമയം -6 മിനിട്ട്

24. സ്വതന്ത്ര ഇന്ത്യ സാമ്പത്തിക രംഗത്ത് കൈവരിച്ച പുരോഗതി വിശദീകരിക്കുക.

സ്കോർ 5 സമയം -5 മിനിട്ട്

ഉത്തരസൂചിക

1. വിഭജനവും അതിനെ തുടർന്നുണ്ടായ അഭയാർത്ഥി പ്രവാഹവും

2. കൊളോണിയൽ ഭരണത്തിൽ നിന്നുള്ള സ്വാതന്ത്ര്യം സന്തോഷം നൽകി.
വിഭജനവും വർഗ്ഗീയ കലാപങ്ങളും അഭയാർത്ഥി പ്രവാഹവും ദുഖത്തിന് കാരണമായി.

3. ബ്രിട്ടൺ നാട്ടുരാജ്യങ്ങൾക്ക് ഇന്ത്യയിലോ പാകിസ്താനിലോ ചേരാനോ സ്വതന്ത്രമായി നിൽക്കാനോ ഉള്ള അധികാരം നൽകിയിരുന്നു.
സർദാർ വല്ലഭായ് പട്ടേലിന് സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട വകുപ്പിന്റെ ചുമതല.
വി.പി. മേനോൻ സ്റ്റേറ്റ്സ് ഡിപ്പാർട്ടുമെന്റിന്റെ സെക്രട്ടറി ആയി.
ലയന കരാർ തയ്യാറാക്കി.
പ്രതിരോധം വിദേശകാര്യം വാർത്താവിനിമയം എന്നിവയുടെ നിയന്ത്രണം നാട്ടുരാജ്യങ്ങൾ കേന്ദ്രഗവൺമെന്റിന് കൈമാറണം.
ജനകീയ പ്രതിഷേധങ്ങളും ഇന്ത്യാ ഗവൺമെന്റിന്റെ പ്രായോഗിക സമീപനം എന്നിവയിലൂടെ ഭൂരിഭാഗം നാട്ടുരാജ്യങ്ങളും ലയനകരാറിൽ ഒപ്പുവെച്ചു.
ഹൈദരാബാദ്, കാശ്മീർ, ജുനഗഡ് എന്നീ നാട്ടുരാജ്യങ്ങൾ വിട്ടുനിന്നു.
അനുരഞ്ജനത്തിലൂടെയും സൈനിക നടപടികളിലൂടെയും ഇവ പിന്നീട് ഇന്ത്യൻ യൂണിയനിൽ കൂട്ടിച്ചേർത്തു.

4. ഫ്രാൻസ്, പോർട്ടുഗൽ
ഫ്രാൻസിന്റെ അധിനിവേശപ്രദേശം - പോണ്ടിച്ചേരി, കാരക്കൽ, മാഹി, യാനം
പോർട്ടുഗലിന്റെ അധിനിവേശപ്രദേശം - ഗോവ, ഡാമൻ, ദിയൂ

5. 1961

6. ഡോ. രാജേന്ദ്രപ്രസാദ്

7 ഡോ. ബി. ആർ. അംബേദ്കർ

8. ഭാഷാ അടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങൾ വേണമെന്ന ആവശ്യം
1920-ലെ നാഗ്പൂർ കോൺഗ്രസ്സ് സമ്മേളനം, പോട്ടി ശ്രീരാമലുവിന്റെ നിരാഹാര സമരവും മരണവും, സംസ്ഥാന പുനസംഘടനാ കമ്മീഷൻ, 1956-ലെ പുനസംഘടനാ നിയമം

9. ഫസൽ അലി, എച്ച്. എൻ.കുൻസ്രു, കെ. എം. പണിക്കർ

10. പൊതുമേഖലയ്ക്ക് പകരം സ്വകാര്യമേഖലയ്ക്ക് പ്രാധാന്യം നൽകി

11. ജർമ്മനി, ഭിലായ്, *സോവിയറ്റ്* യൂണിയൻ, ദുർഗ്ഗാപ്പൂർ

12. 1951

13. ദാരിദ്ര്യ നിർമ്മാർജ്ജനം ഊർജോൽപ്പാദനം വിദ്യാഭ്യാസ പുരോഗതി

14.

| ശാസ്ത്ര ഗവേഷണസ്ഥാപനങ്ങൾ | ശാസ്ത്രസ്ഥാപനങ്ങൾ | ശാസ്ത്രജ്ഞന്മാർ |
|---|---|---|
| ശാസ്ത്രവ്യാവസായിക ഗവേഷണ സമിതി<br>ഇന്ത്യൻ കാർഷിക ഗവേഷണ സമിതി<br>ഇന്ത്യൻ മെഡിക്കൽ ഗവേഷണ സമിതി | ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസേർച്ച്<br>ഇന്ത്യൻ ആണവോർജ്ജ കമ്മീഷൻ | ഹോമിജഹാംഗീർ ഭാഭ<br>എസ്.എൻ.ഭട്ട്നഗർ |

15. ജൈവസാങ്കേതികവിദ്യ, സമുദ്രഗവേഷണം, വിവരസാങ്കേതികവിദ്യ
16. ദേശീയബഹിരാകാശ ഗവേഷണസമിതി, 1969 ഐ.എസ്.ആർ.ഒ
തുമ്പയിൽ ആദ്യത്തെ റോക്കറ്റ് വിക്ഷേപണകേന്ദ്രം, 1975-ൽ ആര്യഭട്ടയുടെ വിക്ഷേപണം നാഷണൽ റിമോട്ട് സെൻസിംങ് ഏജൻസി, ഫിസിക്കൽ റിസർച്ച് ലബോറട്ടറി തുടങ്ങിയ ഏജൻസികൾ, അഗ്നി, പൃഥ്വി, മിസൈലുകൾ, ചാന്ദ്രയാൻ, മംഗൾയാൻ
17.

| എ | ബി | സി |
|---|---|---|
| ഡോ. ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷൻ | സെക്കന്ററി വിദ്യാഭ്യാസത്തെ കുറിച്ചുള്ള പഠനം | ത്രിഭാഷാപദ്ധതി |
| ഡോ. രാധാകൃഷ്ണൻ കമ്മീഷൻ | സർവ്വകലാശാല വിദ്യാഭ്യാസത്തെ കുറച്ചുള്ള പഠനം | സ്ത്രീവിദ്യാഭ്യാസത്തിന് പ്രാധാന്യം |
| ഡോ. ഡി.എസ്. കോത്താരി കമ്മീഷൻ | വിദ്യാഭ്യാസത്തിന്റെ ദേശീയ മാതൃകയെപ്പറ്റിയുള്ള നിർദ്ദേശം | 10+2+3 മാതൃകയിലെ വിദ്യാഭ്യാസം |

18. പ്രാഥമിക വിദ്യാഭ്യാസത്തിനും തുടർവിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകണം. പ്രൈമറി തലത്തിൽ വിദ്യാഭ്യാസം സാർവ്വത്രികമാക്കാനും സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പദ്ധതി നടപ്പിലാക്കണം. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകണം.
19. സംഗീതനാടക അക്കാദമി
20. സംഗീതനാടക അക്കാദമി, ലളിതകലാ അക്കാദമി, സാഹിത്യ അക്കാദമി, നാഷണൽ സ്കൂൾ ഓഫ് ഡ്രാമ, നാഷണൽ ബുക്ക് ട്രസ്റ്റ് ഓഫ് ഇന്ത്യ

21. ജവഹർലാൽ നെഹ്രു

22. വംശീയവാദത്തോടുള്ള വിദ്വേഷം
ഐക്യരാഷ്ട്രസഭയിലുള്ള വിശ്വാസം
സമാധാനപരമായ സഹവർത്തിത്വം
പഞ്ചശിലാതത്ത്വങ്ങൾ
വിദേശസഹായത്തിന്റെ ആവശ്യകതയിലുള്ള ഊന്നൽ
ചേരിചേരായ്മ

23. രാജ്യത്തിന്റെ അതിർത്തിയും പരമാധികാരവും പരസ്പരം അംഗീകരിക്കുക
പരസ്പരം അക്രമിക്കാതിരിക്കുക
ആഭ്യന്തരകാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുക
സമത്വവും പരസ്പരസഹായവും പുലർത്തുക
സമാധാനപരമായ സഹവർത്തിത്വം പാലിക്കുക.

## *അധ്യായം -1*
## *കേരളം ആധുനികതയിലേക്ക്*

1. ബ്രിട്ടീഷുകാർകേരളത്തിൽ ആധിപത്യം സ്ഥാപിച്ചതെങ്ങനെ? സ്കോർ 3

2. ബ്രിട്ടീഷുകാർക്കെതിരേ കേരളത്തിൽ നടന്ന ആദ്യത്തെ സംഘടിതകലാപം ഏത്?

സ്കോർ 1

3. താഴെപ്പറയുന്ന സംഭവങ്ങളെ കാലഗണനക്രമത്തിൽ എഴുതുക സ്കോർ 4

ബ്രിട്ടീഷുകാർക്കെതിരേ കേരളത്തിൽ നടന്ന സംഘടിതകലാപം

ശ്രീരംഗപട്ടണം സന്ധിപ്രകാരം മലബാർ ബ്രിട്ടീഷുകാർക്കു ലഭിച്ചു

വേലുത്തമ്പി ബ്രിട്ടീഷുകാർക്കെതിരേ ആയുധമെടുത്തു പോരാടാൻ ആഹ്വാനം ചെയ്ത സംഭവം.

തെറ്റായ നികുതി നയങ്ങൾക്കെതിരേ ബ്രിട്ടീഷുകാരോട് പടപൊരുതി പഴശ്ശിരാജ വീരമൃത്യുവരിച്ചു

4. വാണിജ്യവൽക്കരണം കേരളത്തിന്റെ കാർഷികമേഖലയിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാമെന്ന് കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക സ്കോർ 4

5.ബ്രിട്ടീഷ് ഭരണം തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ പ്രദേശങ്ങളിൽ ഭൂവുടമബന്ധത്തിൽ വരുത്തിയ മാറ്റങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക സ്കോർ 3

6. തോട്ടവ്യവസായങ്ങളുടേയും പരമ്പരാഗത വ്യവസായങ്ങളുടേയും വളർച്ചയ്ക്കു കാരണമായ ഘടകങ്ങൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക സ്കോർ 2

7. കേരളത്തിൽ ബ്രിട്ടീഷ് ഭരണത്തെ തുടർന്ന് സാംസ്കാരിക രംഗത്തുണ്ടായ മാറ്റങ്ങൾ വിശദീകരിക്കുക സ്കോർ 3

8. കേരളത്തിൽ ബ്രിട്ടീഷ് ഭരണത്തെ തുടർന്ന് വിദ്യാഭ്യാസ രംഗത്തുണ്ടായ മാറ്റങ്ങൾ വിശദീകരിക്കുക സ്കോർ 3

9. ബ്രിട്ടീഷുകാരുടെ വരവോടെ കേരളത്തിന്റെ ആരോഗ്യ രംഗത്തുണ്ടായ മാറ്റങ്ങൾ ഏവ? സ്കോർ 3

10. കേരളത്തിലെ സാമൂഹ്യപരിഷ്ക്കർത്താക്കൾ, സ്ഥാപിച്ച പ്രസ്ഥാനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന പട്ടിക പൂർത്തിയാക്കുക.

| സാമൂഹ്യപരിഷ്ക്കർത്താക്കൾ | പ്രസ്ഥാനങ്ങൾ |
|---|---|
| 1. വൈകുണ്ഠസ്വാമികൾ | ........................ |
| 2. ..................................... | സാധുജനപരിപാലനം |
| 3. മന്നത്ത് പത്മനാഭൻ | .................................... |
| 4. ................................. | യോഗക്ഷേമസഭ |
| 5. സഹോദരൻ അയ്യപ്പൻ | ............................. |

സ്കോർ 5

11. കേരളത്തിൽ സാമൂഹ്യമാറ്റത്തിനായി നടന്ന സമരങ്ങൾ ചുവടെ നൽകുന്നു. അവ സമൂഹത്തിൽ സൃഷ്ടിച്ച മാറ്റങ്ങൾ/ഫലങ്ങൾ കണ്ടെത്തി പട്ടിക പൂർത്തിയാക്കുക

| സമരങ്ങൾ | ഫലങ്ങൾ |
|---|---|
| ചാന്നാർസമരം | ................................................ |
| അരുവിപ്പുറം പ്രതിഷ്ഠ | ................................................. |
| വൈക്കം സത്യാഗ്രഹം | ................................................. |
| ഗുരുവായൂർ സത്യഗ്രഹം | .................................................. |

സ്കോർ 4

12. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി മലബാറിൽ നടന്ന ജനകീയ മുന്നേറ്റങ്ങൾ ഏതെല്ലാം? വിവരിക്കുക. സ്കോർ 6

13. കേരളത്തിലെ ദേശീയപ്രസ്ഥാനത്തിൽ സ്ത്രീകളുടെ പങ്ക് വിലയിരുത്തുക സ്കോർ 2

14. ഐക്യകേരളത്തിന്റെ രൂപീകരണത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ ഉൾപ്പെടുത്തി താഴെ കൊടുത്തിരിക്കുന്ന ഫ്ളോ ചാർട്ട് പൂർത്തീകരിക്കുക. സ്കോർ 4

1920 നാഗ്പൂർ കോൺഗ്രസ് സമ്മേളനം

..............

കെ.പി.സി.സി. രൂപീകരണം

.....

1947-ലെ ഐക്യകേരള കൺവെൻഷൻ


..........

ഇ.എം.എസിന്റെ ഒന്നേകാൽകോടി മലയാളികൾ

..........

1956 നവംബർ 1 കേരളസംസ്ഥാന രൂപീകരണം

15. പദസൂര്യൻ പൂർത്തീകരിക്കുക                                                സ്കോർ 5




16. വ്യവസായ പുരോഗതിക്കാവശ്യമായ മൂലധനസ്വരൂപണത്തിനായി കേരളത്തിൽ വളർന്നു വന്ന ആദ്യകാല ബാങ്കുകൾ പട്ടികപ്പെടുത്തുക.                                സ്കോർ 4

17.കേരളത്തിലെ ചില സമുദായങ്ങളിൽ നിലനിന്നിരുന്ന പിന്തുടർച്ചാ ക്രമത്തിൽ ബ്രിട്ടീഷ് ഭരണകാലത്ത് മാറ്റങ്ങൾ ഉണ്ടായി. ഈ പ്രസ്താവന പരിശോധിക്കുക?

18. കാലഗണന ക്രമത്തിൽ എഴുതുക

1. പുന്നപ്ര വയലാർ സമരം      2. മലബാർ കലാപം3. ഗുരുവായൂർ സത്യഗ്രഹം

4. വൈക്കം സത്യഗ്രഹം    5. കുണ്ടറ വിളംബരം       6. നിവർത്തന പ്രക്ഷോഭം

19. മലബാർ കലാപങ്ങളെ കുറിച്ച് അന്വേഷിക്കാൻ നിയമിച്ച കമ്മീഷൻ?

20. എ കോളത്തിലുള്ളവയ്ക്ക് യോജിച്ചവ ബി കോളത്തിൽ നിന്ന് കണ്ടെത്തി എഴുതുക.

| എ | ബി |
|---|---|
| 1. കുളച്ചൽ യുദ്ധം | ഇ.എം.എസ്. നമ്പൂതിരിപ്പാട് |
| 2. ആറ്റിങ്ങൽ കലാപം | ബാരിസ്റ്റർ ജി.പി. പിള്ള |
| 3. ശ്രീരംഗപട്ടണം ഉടമ്പടി | ശ്രീചിത്തിരതിരുനാൾ ബാലരാമവർമ്മ |
| 4. കുണ്ടറ വിളംബരം | കുമാര ഗുരുദേവൻ |
| 5. സംക്ഷേപവേദാർത്ഥം | വേലുത്തമ്പി ദളവ |
| 6. ലണ്ടൻ മിഷൻ സൊസൈറ്റി | ആദ്യ അച്ചടി പുസ്തകം |
| 7. പ്രത്യക്ഷരക്ഷാ ദൈവസഭ | മൈസൂർ ഇംഗ്ലീഷ് ഉടമ്പടി |
| 8. ക്ഷേത്രപ്രവേശന വിളംബരം | 1721 |
| 9. മലയാളി മെമ്മോറിയൽ | മാർത്താണ്ഡവർമ്മ, ഡച്ചുകാർ |
| 10. ഒന്നേകാൽകോടി മലയാളികൾ | തിരുവിതാംകൂർ |

*ഉത്തരസൂചകങ്ങൾ*

1972-ലെ ശ്രീരംഗപട്ടണം ഉടമ്പടിപ്രകാരം മലബാർ ബ്രിട്ടീഷുകാരുടെ അധീനതയിലായി.

1972-ൽ കൊച്ചിരാജാവ് ബ്രിട്ടീഷ് മേൽക്കോയ്മ അംഗീകരിച്ച് കപ്പം കൊടുക്കാൻ നിർബ്ബന്ധിതനായി.

1972-ലെ ഉടമ്പടിപ്രകാരം തിരുവിതാംകൂറം ബ്രിട്ടീഷ് മേൽക്കോയ്മ അംഗീകരിച്ചു.

2. ആറ്റിങ്ങൽ കലാപം

3. ബ്രിട്ടീഷുകാർക്കെതിരേ കേരളത്തിൽ നടന്ന ആദ്യത്തെ സംഘടിതകലാപം.

ശ്രീരഗപട്ടണം സന്ധിപ്രകാരം മലബാർ ബ്രിട്ടീഷുകാർക്കു ലഭിച്ചു.

തെറ്റായ നികുതി നയങ്ങൾക്കെതിരേ ബ്രിട്ടീഷുകാരോട് പടപൊരുതി പഴശ്ശിരാജ വീരമൃത്യുവരിച്ചു.

വേലുത്തമ്പി ബ്രിട്ടീഷുകാർക്കെതിരേ ആയുധമെടുത്തു പോരാടാൻ ആഹ്വാനം ചെയ്ത സംഭവം.

4. നെല്ലിന് പകരം തെങ്ങ് വൻതോതിൽ കൃഷിചെയ്യാൻ തുടങ്ങി.

നെല്ലിന്റെ ഉൽപ്പാദനം കുറഞ്ഞു - ഭക്ഷ്യക്ഷാമം

ഭക്ഷ്യക്ഷാമം പരിഹരിക്കുവാൻ മരച്ചീനി കൃഷിചെയ്തു

മലയോരപ്രദേശങ്ങളിൽ കാപ്പി, തേയില, ഏലം, റബ്ബർ തുടങ്ങിയ വാണിജ്യവിളകൾ വൻതോതിൽ കൃഷിചെയ്തു തുടങ്ങി

തോട്ടങ്ങൾ ഭൂരിഭാഗവും ബ്രിട്ടീഷുകാരുടെ ഉടമസ്ഥതയിലായിരുന്നു.

5. മലബാർ - 1929-ലെ മലബാർ കുടിയാണ്മ നിയമം - കർഷകർക്ക് ഭൂമിയുടെ മേൽ നാമമാത്ര അവകാശം.

തിരുവിതാംകൂർ - 1865-ലെ പണ്ടാരപാട്ട വിളംബരം - പണ്ടാരവക ഭൂമിയില കുടിയാന്മാർക്ക് അവകാശം

തിരുവിതാംകൂർ - 1896-ലെ ജന്മി - കുടിയാൻ നിയമം - കുടിയാന് ഭൂമിയുടെ മേൽ ഉടമാവകാശം

കൊച്ചി -1914-ലെ കൊച്ചിയിലെ കുടിയായ്മ നിയമം - പാസാക്കി

6. നാളികേരം, കയർ, കശുവണ്ടി, കൈത്തറി, ബീഡി തുടങ്ങിയവയുമായി ബന്ധപ്പെട്ട പരമ്പരാഗത വ്യവസായങ്ങൾ വളർന്നുവന്നു.

ഈ വ്യവസായങ്ങൾ എല്ലാം പരമ്പരാഗത രീതിയിൽ കൈവേലയെ ആശ്രയിച്ചാണ്

സംഘടിപ്പിക്കപ്പെട്ടത്.

7. കേരളത്തിൽ അച്ചടി ആരംഭിച്ചു.

മലയാളത്തിൽ വ്യാകരണഗ്രന്ഥവും നിഘണ്ടുവും തയ്യാറാക്കി

മലയാളത്തിലെ ആദ്യത്തെ സമ്പൂർണ്ണഗ്രന്ഥമാണ് സംക്ഷേപവേദാർത്ഥം

ഇംഗ്ലീഷ് - മലയാളം നിഘണ്ടു - ബെഞ്ചമിൻ ബെയ്‌ലി

മലയാളം - ഇംഗ്ലീഷ് നിഘണ്ടു - ഡോ. ഹെർമൻ ഗുണ്ടർട്ട്

8. തിരുവിതാംകൂറിലും കൊച്ചിയിലും നാട്ടുരാജാക്കന്മാർ സ്കൂളുകളും കോളേജുകളും ആരംഭിച്ചു.

ഗൗരി പാർവ്വതിഭായി 1817-ൽ പ്രൈമറിവിദ്യാഭ്യാസം സൗജന്യമാക്കി വിജ്ഞാപനം പുറപ്പെടുവിച്ചു.

9. പകർച്ചവ്യാധികൾ തടയാൻ കുത്തിവെയ്പ്പ് ആരംഭിച്ചു

സർക്കാർ ആശുപത്രികൾ ആരംഭിച്ചു, ലബോറട്ടറികൾ സ്ഥാപിച്ചു.

10. സമത്വസമാജം അയ്യങ്കാളി

നായർ സർവ്വീസ് സൊസൈറ്റി വി.ടി. ഭട്ടതിരിപ്പാട്

സഹോദരസ്ഥാപനം

11. സവർണ്ണസ്ത്രീകളെപ്പോലെ ചാന്നാർ സ്ത്രീകൾക്കും ജാക്കറ്റും മേൽമുണ്ടും ധരിക്കാനുള്ള അവകാശം

ക്ഷേത്രകർമ്മവും പൂജയും ചെയ്യാനുള്ള അവകാശം

വൈക്കം ക്ഷേത്രത്തിന് ചുറ്റുമുള്ള പൊതുനിരത്തുകളിലൂടെ യാത്രചെയ്യാൻ അവർണ്ണ ജാതിയിൽ പെട്ടവർക്ക് സാധിച്ചു.

ഗുരുവായൂർ ക്ഷേത്രത്തിൽ എല്ലാജാതിയിലും പെട്ട ഹിന്ദുക്കൾക്ക് പ്രവേശന സ്വാതന്ത്ര്യം ലഭിച്ചു.

എല്ലാ വിഭാഗക്കാർക്കും ആരാധനാ സ്വാതന്ത്ര്യം ലഭിച്ചു.

12. ഖിലാഫത്ത് പ്രസ്ഥാനം, മലബാർ കലാപം, നിയമലംഘന സമരങ്ങൾ - ഉപ്പ് സത്യഗ്രഹം, വിദേശ വസ്തുക്കളുടെ ബഹിഷ്ക്കരണം, കർഷക സമരങ്ങൾ, ക്വിറ്റ് ഇന്ത്യ സമരം.

13. വിദേശവസ്ത്ര ബഹിഷ്ക്കരണം, മദ്യഷാപ്പിലെ പിക്കറ്റിങ്ങ്, ഖാദി പ്രചരണം എന്നിവ സ്ത്രീ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമാക്കി.

1931-ലെ വടകര കോൺഗ്രസ്സ് മഹിളാ സമ്മേളനം

എ.വി. കുട്ടിമാളു അമ്മ, അക്കമ്മ ചെറിയാൻ, ആനിമസ്ക്രീൻ എന്നിവർ നേതൃത്വം നൽകി.

14. 1991-ലെ ഒന്നാം കേരള രാഷ്ട്രീയ സമ്മേളനം, പയ്യന്നൂർ സമ്മേളനം
1949-ലെ തിരു-കൊച്ചി സംയോജനം, സംസ്ഥാന പുനഃസംഘട കമ്മീഷൻ

15. കളമശ്ശേരിയിലെ എഫ് എ സി റ്റി, കുണ്ടറ സിറാമിക്സ്
തിരുവനന്തപുരത്തെ റബ്ബർ വർക്സ്, കൊച്ചിയിലെ ടാറ്റാ ഓയിൽ മിൽസ്
കൊച്ചിയിലെ അളഗപ്പ തുണിമിൽ

16. നെടുങ്ങാടി ബാങ്ക് ഇംപീരിയൽ ബാങ്ക്
ഇന്ത്യൻ നാഷണൽ ബാങ്ക് ചാർട്ടേഡ് ബാങ്ക്

17. മരുമക്കത്തായ സമ്പ്രദായത്തിനു പകരം മക്കത്തായ സമ്പ്രദായം ആരംഭിച്ചു.
തറവാട്ടിലെ എല്ലാ അംഗങ്ങൾക്കും സ്വത്തവകാശം ലഭിച്ചു
തറവാട്, കൂട്ടുകുടുംബം എന്നിവയുടെ തകർച്ച.

18. കുണ്ടറ വിളംബരം, മലബാർ കലാപം, വൈക്കം സത്യഗ്രഹം
ഗുരുവായൂർ സത്യഗ്രഹം, നിവർത്തന പ്രക്ഷോഭം, പുന്നപ്ര - വയലാർ സമരം

19. ലോഗൻ കമ്മീഷൻ

20.

| എ | ബി |
|---|---|
| | മാർത്താണ്ഡവർമ്മ, ഡച്ചുകാർ |
| 1. കുളച്ചൽ യുദ്ധം | മാർത്താണ്ഡവർമ്മ, ഡച്ചുകാർ |
| 2. ആറ്റിങ്ങൽ കലാപം | 1721 |
| 3. ശ്രീരംഗപട്ടണം ഉടമ്പടി | മൈസൂർ ഇംഗ്ലീഷ് ഉടമ്പടി |
| 4. കുണ്ടറ വിളംബരം | വേലുത്തമ്പി ദളവ |
| 5. സംക്ഷേപവേദാർത്ഥം | ആദ്യ അച്ചടി പുസ്തകം |
| 6. ലണ്ടൻ മിഷൻ സൊസൈറ്റി | തിരുവിതാംകൂർ |
| 7. പ്രത്യക്ഷരക്ഷാ ദൈവസഭ | കുമാര ഗുരുദേവൻ |
| 8. ക്ഷേത്രപ്രവേശന വിളംബരം | ശ്രീചിത്തിരതിരുനാൾ ബാലരാമവർമ്മ |
| 9. മലയാളി മെമ്മോറിയൽ | ബാരിസ്റ്റർ ജി.പി. പിള്ള |
| 10. ഒന്നേകാൽകോടി മലയാളികൾ | ഇ.എം.എസ്. നമ്പൂതിരിപ്പാട് |

## *അധ്യായം – 9*
## *രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും*

*1. രാഷ്ട്രം എന്നാലെന്ത്? രാഷ്ട്രത്തിന്റെ വിവിധ ഘടകങ്ങൾ ഏതെല്ലാം? സ്കോർ 3*

*രാഷ്ട്രം*

*.......1......  2.  ഭൂപ്രദേശം  ..........3.....................  ..............4........*

2. രാഷ്ട്രത്തിനുവേണ്ടി ഗവൺമെന്റുകൾ നിർവ്വഹിക്കുന്ന ചുമതലകൾ പട്ടികപ്പെടുത്തുക (ഏതെങ്കിലും 3 പോയിന്റ്) സ്കോർ 3

3. രാഷ്ട്രത്തിന്റെ ചില ചുമതലകൾ നിർബ്ബന്ധിതവും മറ്റു ചില ചുമതലകൾ വിവേചനപരവുമാണ്. താഴെ കൊടുത്തിരിക്കുന്നവയെ നിർബ്ബന്ധിത ചുമതലകൾ എന്നും വിവേചനപരമായ ചുമതലകൾ എന്നും പട്ടികപ്പെടുത്തുക.
(ആരോഗ്യസംരക്ഷണം നൽകുക, ആഭ്യന്തര സമാധാനം, വിദ്യാഭ്യാസ സൗകര്യം ഒരുക്കുക, അവകാശസംരക്ഷണം, ഗതാഗത സൗകര്യം നൽകുക, ക്ഷേമപദ്ധതികൾ നടപ്പിലാക്കുക, നീതി നടപ്പിലാക്കൽ, അതിർത്തി സംരക്ഷണം) സ്കോർ 4

4. രാഷ്ട്രരൂപീകരണവുമായി ബന്ധപ്പെട്ട സിദ്ധാന്തങ്ങൾ ഉൾക്കൊള്ളുന്ന പദസൂര്യൻ പൂർത്തിയാക്കുക.

*2*

രാഷ്ട്രരൂപീകരണ സിദ്ധാന്തങ്ങൾ ——— *3*

ശക്തിസിദ്ധാന്തം

സ്കോർ 3

5. പൗരത്വം പൊതുവേ 2 തരമുണ്ട്. വിശദമാക്കുക സ്കോർ 4

6. രാഷ്ട്രതന്ത്ര ശാസ്ത്രത്തിലെ പ്രധാന പഠനമേഖലകൾ പട്ടികപ്പെടുത്തുക

സ്കോർ

7. രാഷ്ട്രതന്ത്ര ശാസ്ത്ര പഠനം നമ്മെ എങ്ങനെയെല്ലാം സഹായിക്കുന്നു?
സ്കോർ 2

ഉത്തരസൂചിക

1. ജനങ്ങൾ
ഗവൺമെന്റ്
പരമാധികാരം

2. കേന്ദ്രസമാധാനം ഉറപ്പുവരുത്തുക
തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക
വികസന പദ്ധതികൾ നടപ്പാക്കുക

3. നിർബ്ബന്ധിതമായ ചുമതലകൾ
അതിർത്തി സംരക്ഷണം
ആഭ്യന്തരസമാധാനം
അവകാശസംരക്ഷണം
നീതി നടപ്പിലാക്കൽ

വിവേചനപരമായ ചുമതലകൾ
ആരോഗ്യസംരക്ഷണം നൽകുക
വിദ്യാഭ്യാസ സൗകര്യം ഒരുക്കുക
ക്ഷേമപദ്ധതികൾ നടപ്പിലാക്കുക
ഗതാഗത സൗകര്യം ഒരുക്കുക

4. ദൈവദത്തസിദ്ധാന്തം
പരിണാമസിദ്ധാന്തം
സാമൂഹിക ഉടമ്പടി സിദ്ധാന്തം

5. സ്വാഭാവിക പൗരത്വം - ജന്മനാ ലഭിക്കുന്ന പൗരത്വം
ആർജ്ജിത പൗരത്വം - ഒരു രാജ്യത്ത് നിലനിൽക്കുന്ന നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് നേടുന്ന പൗരത്വം

6. അന്തർദ്ദേശീയ രാഷ്ട്രീയം
താരതമ്യ രാഷ്ട്രീയം
പൊതുഭരണം
രാഷ്ട്രീയ സിദ്ധാന്തങ്ങൾ

7. പൊതുവായ ഏതുവിഷയത്തേയും യുക്തിപൂർവ്വം വിശകലനം ചെയ്യാൻ സഹായിക്കുന്നു.
ഇത്തരം വിഷയങ്ങളിൽ ക്രീയാത്മകമായി ഇടപെടാൻ സഹായിക്കുന്നു.

## അദ്ധ്യായം 10

## പൗരബോധം

1. പൗരബോധം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ത്? സ്കോർ 2
2. പൗരബോധത്തിന്റെ പ്രാധാന്യം? സ്കോർ 2
3. പൗരബോധത്തിന്റെ അടിസ്ഥാനം എന്താണ്? സ്കോർ 4
4. പൗരബോധം രൂപപ്പെടുന്ന ഘടകങ്ങൾ എന്തെല്ലാം? (ഏതെങ്കിലും നാലെണ്ണം എഴുതുക) സ്കോർ 4
5. സാമൂഹിക പ്രശ്നങ്ങളുടെ പരിഹാരമാർഗ്ഗങ്ങൾ

പൗരബോധത്തിന്റെ അഭാവം മൂലം സമൂഹത്തിൽ ഉണ്ടാകുന്ന ഏതെങ്കിലും രണ്ട് പ്രശ്നങ്ങൾ കണ്ടെത്തുക. ഇത് പരിഹരിക്കാനുള്ള രണ്ട് നിർദ്ദേശങ്ങൾ സൂചിപ്പിക്കുക. സ്കോർ 4

6. പൗരബോധം രൂപീകരണത്തിൽ വിദ്യാഭ്യാസത്തിന്റെ പങ്ക്? സ്കോർ 4
7. പൗരബോധം വളർത്തുന്നതിൽ സംഘടനകൾ വഹിക്കുന്ന പങ്കെന്താണ്? സ്കോർ 4
8. പൗരബോധം സൃഷ്ടിക്കുന്നതിൽ മാധ്യമങ്ങൾ വഹിക്കുന്ന പങ്ക് വിശദമാക്കുക? സ്കോർ 2
9. പൗരബോധം വളർത്തുന്നതിൽ ജനാധിപത്യത്തിനുള്ള പങ്കെന്താണ്? സ്കോർ 3
10. ധാർമ്മികത എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്? സ്കോർ 2
11. പൗരബോധം നേരിടുന്ന വെല്ലുവിളികൾ? സ്കോർ 2
12. പൗരബോധത്തിന്റെ രൂപീകരണത്തിന് സാമൂഹ്യശാസ്ത്ര പഠനത്തെ എങ്ങനെ പ്രയോജനപ്പെടുത്താം? സ്കോർ 4
13. പൗരബോധത്തിന്റെ അഭാവം സമൂഹത്തിലുണ്ടാക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാം? സ്കോർ 2
14. പൗരബോധം പ്രകടമാക്കുന്ന 4 പ്രവർത്തനങ്ങൾ എഴുതുക? സ്കോർ 4
15. പട്ടിക പൂർത്തിയാക്കുക

| ധാർമ്മിക പ്രവർത്തനങ്ങൾ | അധാർമ്മിക പ്രവർത്തനങ്ങൾ |
|---|---|
| ജോലിചെയ്ത് പണം സമ്പാദിക്കുന്നു | ........................................ |
| ............................................................... | സഹജീവികളെ ദ്രോഹിക്കുന്നു |

സ്കോർ 4

**ഉത്തരസൂചിക**

1. ഓരോപൗരനും സമുഹത്തിനു വേണ്ടിയുള്ളതാണെന്നും സമൂഹത്തിന്റെ ഉത്തമതാൽപ്പര്യങ്ങളാണ് പൗരന്റേതുമെന്നുമുള്ള തിരിച്ചറിവാണ് പൗരബോധം

2. ക്ഷേമം ഉറപ്പാക്കൽ, സമൂഹത്തിന്റെ പുനർ നിർമ്മാണം, രാഷ്ട്ര പുരോഗതി. ഐക്യം പൗരബോധം സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും പുരോഗതിയെ സ്വാധീനിക്കുന്നു. പൊതുസമൂഹം അഭിമുഖീകരിക്കുന്ന എല്ലാ പ്രശ്നങ്ങളേയും പരിഹരിക്കാൻ സഹായിക്കുന്നു.

3. ഓരോരുത്തരുടേയും പ്രവർത്തനങ്ങൾ സമൂഹത്തിന് വേണ്ടിയാകുമ്പോൾ സമൂഹത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്ന തിരിച്ചറിവാണ് പൗരബോധത്തിന്റെ അടിസ്ഥാനം.

4. കുടുംബം, വിദ്യാഭ്യാസം, സംഘടനകൾ, സാമൂഹ്യ വ്യവസ്ഥ, രാഷ്ട്രീയ വ്യവസ്ഥ

5.

| പ്രശ്നങ്ങൾ | പരിഹാരങ്ങൾ |
|---|---|
| ജലക്ഷാമം | മഴവെള്ള സംഭരണം |
| പരിസരമലിനീകരണം | ഉറവിടമാലിന്യ സംസ്ക്കരണം |
| അഴിമതി | അഴിമതിക്കെതിരേ ബോധവത്ക്കരണം |

6. കുടുംബം

മുതിർന്നവരെ ബഹുമാനിക്കുക
അംഗങ്ങളിൽ കർത്തവ്യബോധം വളർത്തുക
സാമൂഹ്യസേവനത്തിലേർപ്പെടുന്നതിന് പ്രചോദനം നൽകുന്നു.

വിദ്യാഭ്യാസം

അറിവ് സമൂഹത്തിന് പ്രയോജനകരമായി ഉപയോഗിക്കുവാൻ മൂല്യാധിഷ്ഠിത വിദ്യാഭ്യാസം, പരിസ്ഥിതിബോധം, ശാസ്ത്രബോധം, സഹിഷ്ണുത എന്നിവ രൂപപ്പെടുത്തുന്നു.

7. സേവനസന്നദ്ധത, പൗരബോധം, രാഷ്ട്രീയബോധം, ദേശീയബോധം
പാരിസ്ഥിതികബോധം, മനുഷ്യാവകാശബോധം എന്നിവ സൃഷ്ടിക്കുന്നു.

8. അച്ചടി, ഇലക്ട്രോണിക് മാധ്യമങ്ങളുടെ പങ്ക്
മാധ്യമങ്ങളിലൂടെയുള്ള ശരിയായതും വസ്തുനിഷ്ഠവുമായ വിവരങ്ങൾ ക്രിയാത്മകമായ ആശയരൂപീകരണത്തിന് സഹായിക്കുന്നു.

9. പൗരബോധം വളർത്തുന്ന അടിസ്ഥാന ഘടകം
ജനാധിപത്യം ഒരു ജീവിതശൈലിയാണ്. പരസ്പരസഹകരണം വളർത്തുന്നു,

സ്വാതന്ത്ര്യം, സമത്വം, അവകാശങ്ങൾ എന്നിവയെക്കുറിച്ച് ബോധമുണ്ടാക്കുന്നു.
നിയമവാഴ്ചയിൽ അധിഷ്ഠിതമാണ്.
10. നന്മതിന്മകൾ തിരിച്ചറിഞ്ഞ് നന്മയെ സ്വീകരിക്കുകയും കടമകൾ ഉത്തരവാദിത്തത്തോടെ നിർവ്വഹിക്കുകയും ചെയ്യുക.
11. ഓരോരുത്തരും അവരവരുടെ പ്രവർത്തനങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക.
പൊതുതാൽപ്പര്യങ്ങൾ ഹനിക്കാതെ സ്വന്തം താൽപ്പര്യങ്ങൾക്കുവേണ്ടി പരിശ്രമിക്കുക.
12. സാമൂഹ്യശാസ്ത്ര പഠനത്തിലൂടെ വൈവിധ്യങ്ങളെ ബഹുമാനിക്കുന്നു.
സഹിഷ്ണുതയോടെ പെരുമാറുന്നു.
സമാധാനത്തിന്റേയും സഹവർത്തിത്വത്തിന്റെ സന്ദേശം ജനങ്ങളിൽ എത്തിക്കുന്നു.
വിവിധ പ്രശ്നങ്ങൾക്ക് സമഗ്രമായി പരിഹാരം നിർദ്ദേശിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുന്നു.
13. സ്വാർത്ഥത, സമാധാനവും സുരക്ഷിതത്വവും ഇല്ലാത്ത അവസ്ഥ
14. ജൈവകൃഷി, ട്രാഫിക് ബോധവത്ക്കരണം, ലഹരി വിരുദ്ധപ്രവർത്തനം
ജീവകാരുണ്യ പ്രവർത്തനങ്ങൾ

| | |
|---|---|
| 15. പൊതുമുതൽ സംരക്ഷിക്കുന്നു. | പൊതുമുതൽ നശിപ്പിക്കുന്നു. |
| സഹജീവികളെ സഹായിക്കുന്നു | മറ്റുള്ളവരെ ചൂഷണം ചെയ്ത് പണം സമ്പാദിക്കുന്നു |

## *സമൂഹശാസ്ത്രം എന്ത്? എന്തിന്?*

1. താഴെപ്പറയുന്നവയെ സർഗ്ഗരചന, സമൂഹശാസ്ത്ര പഠനം എന്നീ തലക്കെട്ടുകളിൽ ക്രമീകരിക്കുക. സ്കോർ 3

1. സാമൂഹിക സംഭവങ്ങൾ സൗന്ദര്യാത്മക തലത്തിൽ ആവിഷ്ക്കരിക്കുന്നു.
2. വസ്തുനിഷ്ഠമായ സാമൂഹിക അപഗ്രഥനം
3.സാമൂഹികപ്രതിഭാസങ്ങളുടെ ശാസ്ത്രീയവിശകലനം
4.ആസ്വാദനം ലക്ഷ്യം വെയ്ക്കുന്നു.
5.ഭാവന, സർഗ്ഗാത്മകത എന്നിവ ഉപയോഗിക്കുന്നു.
6.സാമൂഹികാവസ്ഥകളെ കാര്യകാരണബന്ധത്തിന്റെ അടിസ്ഥാനത്തിൽ അപഗ്രഹിക്കുന്നു.

2. കോളം എ യ്ക്ക് അനുയോജ്യമായവ കോളം ബി യിൽ നിന്ന് എടുത്തെഴുതുക.

സ്കോർ 5

| *എ* | *ബി* |
|---|---|
| *സാമ്പത്തിക വ്യവഹാരങ്ങളെക്കുറിച്ചുള്ള പഠനം* | *1. മനശാസ്ത്രം* |
| *കഴിഞ്ഞകാലത്തെക്കുറിച്ചും സംസ്കാരത്തെ കുറിച്ചുമുള്ള പഠനം* | *2. സാമ്പത്തിക ശാസ്ത്രം* |
| *രാഷ്ട്രത്തെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചുമുള്ള പഠനം* | *3. രാഷ്ട്രതന്ത്ര ശാസ്ത്രം* |
| *മനുഷ്യമനസ്സിനെക്കുറിച്ചും മാനസീകാവസ്ഥകളെ ക്കുറിച്ചുമുള്ള പഠനം* | *4. നരവംശശാസ്ത്രം* |


3. സമൂഹശാസ്ത്രത്തിന്റെ ആവിർഭാവത്തിന് വഴിയൊരുക്കിയത് മൂന്ന് വിപ്ലവങ്ങളാണ്. അവ ഏതെല്ലാ? സ്കോർ 3

4. സമൂഹശാസ്ത്രത്തിന്റെ പിതാവായി കണക്കാക്കുന്നത് ആരെയാണ്? സ്കോർ 1

5. ചാൾസ് ഡാർവിന്റെ പരിണാമസിദ്ധാന്തങ്ങൾ സമൂഹപഠനത്തിന് പ്രയോജനപ്പെടുത്തിയ ചിന്തകന്റെ പേരെന്ത്? സ്കോർ 1

6. സമൂഹശാസ്ത്രപഠനത്തിന്റെ പ്രാധാന്യം വിശദമാക്കുക. (ഏതെങ്കിലും 4 എണ്ണം) സ്കോർ 4

7. സമൂഹശാസ്ത്രത്തിലെ പഠനരീതികളുമായി ബന്ധപ്പെട്ട പദസൂര്യൻ പൂർത്തിയാക്കുക സ്കോർ 3




8. പങ്കാളിത്ത നിരീക്ഷണം പങ്കാളിത്ത രഹിത നിരീക്ഷണത്തിൽ നിന്ന് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

സ്കോർ 3

9. സമൂഹശാസ്ത്രം വിവരശേഖരണത്തിനായി കേസ് സ്റ്റഡി ഉപയോഗപ്പെടുത്തുന്നതെപ്പോൾ? സ്കോർ 2

10. സമൂഹശാസ്ത്രപഠനത്തിന് ഏറ്റവും ഉചിതമായ മാർഗ്ഗം സർവ്വേകളാണ് എന്നുപറയുന്നത് എന്തുകൊണ്ട്?

സ്കോർ 1

11. ഇന്ത്യയിൽ ആദ്യമായി സമൂഹശാസ്ത്ര പഠനവകുപ്പ് ആരംഭിച്ച സർവ്വകലാശാലയേത്?

സ്കോർ 1

12. ആദിമസമൂഹങ്ങളെ കുറിച്ചുള്ള പഠനത്തിനായി നരവംശ ശാസ്ത്രജ്ഞർ കൂടുതലായി ഉപയോഗിക്കുന്ന രീതിയേത്?

സ്കോർ 1

13. ചോദ്യാവലികൾ ഉപയോഗിച്ച് വിവരശേഖരണം നടത്തുന്നത് സമൂഹശാസ്ത്രത്തിലെ ഏത് പഠനരീതിയിലാണ്? സ്കോർ 1

14. സമൂഹശാസ്ത്രത്തിന്റെ വികസനത്തിന് പ്രധാനസംഭാവനകൾ നൽകിയ ചിന്തകർ ആരെല്ലാം? സ്കോർ 3

15. താഴെ തന്നിരിക്കുന്നവരിൽ ഇന്ത്യയിലെ സമൂഹശാസ്ത്ര പഠനത്തിന് സംഭാവനകൾ നൽകിയവർ ആരെല്ലാം?. സ്കോർ 2

1. മാക്സ് വെബർ
2.ഡി.പി. മുഖർജി
3.എസ്.സി. ദുബേ
4.കാൾമാക്സ്

***ഉത്തരസൂചിക***

| | |
|---|---|
| സർഗ്ഗരചന | സമൂഹശാസ്ത്ര പഠനം |
| 1,4,5 | 2,3,6 |

2. 1 2,2 3,3–4,4 5,5 1
3. ജ്ഞാനോദയം (ശാസ്ത്രവിപ്ലവം), ഫ്രഞ്ച് വിപ്ലവം, വ്യവസായിക വിപ്ലവം
4. അഗസ്ത് കോംതെ
5. ഹെർബർട്ട് സപെൻസർ.
6. സമൂഹത്തെക്കുറിച്ചുള്ള ശരിയായ ധാരണരൂപീകരിക്കാൻ
   സ്വന്തം സൂഹത്തേയും മറ്റുള്ളവരുടെ സമൂഹത്തേയും വസ്തുനിഷ്ഠമായി അറിയാൻ
   സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് സൂക്ഷ്മമായി പഠിക്കുന്നു.
   സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് പരിഹാരം കണ്ടെത്താൻ സഹായിക്കുന്നു.
7. നിരീക്ഷണം, സർവ്വേ, കേസ് സ്റ്റഡി
8. സമൂഹശാസ്ത്രജ്ഞൻ പഠനവിധേയമാക്കുന്ന സംഘത്തിൽ താമസിച്ച് അവരുടെ ജീവിതത്തേക്കുറിച്ച് നേരിട്ട് മനസ്സിലാക്കുന്ന രീതിയാണ് പങ്കാളിത്ത നിരീക്ഷണം.

   പങ്കാളിത്ത രഹിത നിരീക്ഷണത്തിൽ സമൂഹശാസ്ത്രജ്ഞൻ പഠനസംഘത്തിൽ താമസിച്ച് പഠനം നടത്തുന്നില്ല. പകരം പുറത്തുനിന്ന് നിരീക്ഷണം നടത്തുകയാണ് ചെയ്യുന്നത്.
9. അപൂർവ്വവും വേറിട്ടതുമായ സാമൂഹിക പ്രതിഭാസങ്ങളേക്കുറിച്ചും പ്രശ്നങ്ങളേക്കുറിച്ചും ആഴത്തിൽ പഠിക്കാനാണ് കേസ് ഡയറി പ്രയോജനപ്പെടുത്തുന്നത്.
10. സർവ്വേയിലൂടെ ഒരു വിഷയത്തിന്റെ സമഗ്രമായ കാഴ്ചപ്പാട് രൂപീകരിക്കാൻ കഴിയുന്നു.
11. ബോംബെ സർവ്വകലാശാല
12. പങ്കാളിത്ത നിരീക്ഷണം
13. സോഷ്യൽ സർവ്വേ
14. കാൾമാക്സ്, എമൈൻ ദുർവിം, മാക്സ് വെബർ
15. 2,3

## ശിൽപ്പശാലയിൽ പങ്കെടുത്തവർ

ഡി. രഞ്ജൻ, എച്ച്. എസ്., അറവുകാട്.

ഐെസക് ഡാനിയേൽ, ബിഷപ്പ് ഹോഡ്ജസ് ഹയർസെക്കന്ററി സ്കൂൾ, മാവേലിക്കര.

റോയി. എസ്. എസ്, കെ. വി. എച്ച്. എസ്, കുട്ടംപേരൂർ.

ആനിയമ്മ. വി.ഒ, ഗവൺമെന്റ് മുഹമ്മദൻസ് ഗേൾസ് എച്ച്.എസ്.എസ്, ആലപ്പുഴ.

സീന. എച്ച്, ഗവൺമെന്റ് എച്ച്. എസ്, മണ്ണഞ്ചേരി.

ബിന്ദുമോൾ. എ.എം, ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസ്, ചേർത്തല.

കീർത്തിമോൻ. കെ.കെ, ഗവൺമെന്റ് എച്ച്. എസ്, കുപ്പപ്പുറം